# ആരോഗ്യ കേരളം

arogyakeralam newsletter

April 2025

Follow us on

arogyakeralam.gov.in


## ക്യൂബയുമായി സഹകരിച്ച്

# ആരോഗ്യ ഗവേഷണ രംഗത്ത് വൻ മാറ്റങ്ങൾ



### ക്യൂബൻ ആരോഗ്യ വിദഗ്ധരുമായി മന്ത്രി വീണാ ജോർജ് ചർച്ച നടത്തി

തിരുവനന്തപുരം: ക്യൂബയുമായി സഹകരിച്ച് സംസ്ഥാനത്തെ ആരോഗ്യ രംഗത്തും ഗവേഷണ രംഗത്തും വലിയ മാറ്റം ഉണ്ടാകുന്നു. ക്യൂബൻ ഫസ്റ്റ് ഡെപ്യൂട്ടി ഹെൽത്ത് മിനിസ്റ്റർ ടാനിയെ മാർഗരിറ്റയുമായും ക്യൂബൻ ഡെലിഗേഷനുമായുള്ള ചർച്ചയിൽ ആരോഗ്യ വകുപ്പ് മന്ത്രി വീണാ ജോർജ് പങ്കെടുത്തു. 2023 ജൂൺ മാസത്തിൽ മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ നടന്ന ക്യൂബൻ സന്ദർശനത്തിന്റെ തുടർച്ചയായി ആരോഗ്യ രംഗത്തെ നാല് മേഖലകളിൽ ക്യൂബയുടെ ഗവേഷണ രംഗവുമായി സഹകരിക്കാൻ കേരളം തീരുമാനിച്ചിട്ടുണ്ട്. ട്രിപ്പിൾ നെഗറ്റീവ് ബ്രസ്റ്റ് കാൻസർ വാക്സിൻ, ശ്വാസകോശ കാൻസർ വാക്സിൻ, പ്രമേഹ രോഗികളിലെ പാദങ്ങളിലെ വ്രണങ്ങൾക്കുള്ള ചികിത്സ (ഡയബറ്റിക് ഫൂട്ട്), ഡെങ്ക്യു വാക്സിൻ, അൽഷിമേഴ്സ് പോലുള്ള ന്യൂറോ സംബന്ധമായ രോഗങ്ങൾക്കുള്ള ചികിത്സ എന്നീ മേഖലകളിലാണ് ഗവേഷണ സഹകരണം നടക്കുന്നത്.

ക്യൂബയുമായുള്ള സഹകരണത്തിൽ സംസ്ഥാനത്തെ ആരോഗ്യ രംഗത്ത് വൻ മാറ്റമുണ്ടാകുമെന്ന് ആരോഗ്യ വകുപ്പ് മന്ത്രി വീണാ ജോർജ് പറഞ്ഞു. കേന്ദ്രത്തിന്റേയും ഐ.സി.എം.ആറിന്റേയും ഡി.സി.ജി.എയുടേയും അനുമതിയോടെ ഗവേഷണ രംഗത്ത് ക്യൂബൻ സഹകരണം ഉറപ്പാക്കും. ക്യൂബയുമായി മുമ്പ് നടന്ന ചർച്ചകളുടേയും ഇന്നലെ നടന്ന ചർച്ചയുടേയും തുടർന്നുള്ള ചർച്ചകളുടേയും അടിസ്ഥാനത്തിൽ ഏപ്രിൽ മാസത്തോടെ ധാരണാ പത്രത്തിൽ



ഒപ്പിടും. കാൻസർ, ഡെങ്ക്യു എന്നിവയ്ക്കുള്ള വാക്സിൻ വികസനം, ഡയബറ്റിക് ഫൂട്ട്, അൽഷിമേഴ്സ് പോലുള്ള ന്യൂറോ സംബന്ധമായ രോഗങ്ങൾക്കുള്ള ചികിത്സ എന്നീ രംഗങ്ങളിൽ വലിയ പുരോഗതി കൈവരിക്കാനാകും.


ക്യൂബൻ സാങ്കേതികവിദ്യയോടെ തോന്നയ്ക്കൽ വൈറോളജി ഇൻസ്റ്റിറ്റ്യൂട്ടിന്റെ നേതൃത്വത്തിലാണ് വാക്സിനുകൾ വികസിപ്പിക്കുന്നത്. മലബാർ കാൻസർ സെന്ററുമായി സഹകരിച്ച് കാൻസർ, തൃശൂർ, കോഴിക്കോട് മെഡിക്കൽ കോളേജുകളുമായി സഹകരിച്ച് ഡയബറ്റിക് ഫൂട്ട്, തിരുവനന്തപുരം മെഡിക്കൽ കോളേജുമായി സഹകരിച്ച് അൽഷിമേഴ്സ് എന്നിവയിൽ ഗവേഷണം നടത്തും.

15 അംഗ ക്യൂബൻ സംഘത്തിൽ ക്യൂബൻ ഫസ്റ്റ് ഡെപ്യൂട്ടി ഹെൽത്ത് മിനിസ്റ്റർ ടാനിയെ മാർഗരിറ്റ, അംബാസഡർ ജുവാൻ കാർലോസ് മാർസൽ അഗ്യുലേര, ആരോഗ്യ മേഖലയിൽ നിന്നുള്ള ഉന്നത ഉദ്യോഗസ്ഥർ എന്നിവർ പങ്കെടുത്തു.

മുഖ്യമന്ത്രിയുടെ ചീഫ് പ്രിൻസിപ്പൽ സെക്രട്ടറി ഡോ. കെ.എം. ഏബ്രഹാം, ചീഫ് സെക്രട്ടറി ശാരദ മുരളീധരൻ, ആരോഗ്യ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി രാജൻ എൻ. ഖോബ്രഗഡേ, ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് അഡ്വാൻസ്ഡ് വൈറോളജി ഡയറക്ടർ ഡോ. ഇ. ശ്രീകുമാർ, മലബാർ കാൻസർ സെന്റർ ഡയറക്ടർ ഡോ. ബി. സതീശൻ, മെഡിക്കൽ എജ്യുക്കേഷൻ ജോ. ഡയറക്ടർ ഡോ. കെ. വി. വിശ്വനാഥൻ, തിരുവനന്തപുരം മെഡിക്കൽ കോളേജ് ന്യൂറോളജി വിഭാഗം മേധാവി ഡോ. പി. ചിത്ര, തൃശൂർ മെഡിക്കൽ കോളേജ് ജനറൽ സർജറി അഡീഷണൽ പ്രൊഫസർ ഡോ. സി. രവീന്ദ്രൻ തുടങ്ങിയവർ ചർച്ചയിൽ പങ്കെടുത്തു.

## മികച്ച ഡോക്ടർമാർക്കുള്ള പുരസ്കാരം

# ബെസ്റ്റ് ഡോക്ടേഴ്സ് അവാർഡ് 2023 പ്രഖ്യാപിച്ചു



സംസ്ഥാനത്തെ ആധുനിക വൈദ്യശാസ്ത്ര മേഖലയിലെ മികച്ച ഡോക്ടർമാർക്കുള്ള പുരസ്കാരം – ബെസ്റ്റ് ഡോക്ടേഴ്സ് അവാർഡ് 2023 ആരോഗ്യ വകുപ്പ് മന്ത്രി വീണാ ജോർജ് പ്രഖ്യാപിച്ചു. ഹെൽത്ത് സർവീസസ്, ഇൻഷുറൻസ് മെഡിക്കൽ സർവീസസ്, മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ്, ദന്തൽ സ്പെഷ്യാലിറ്റീസ്, സ്വകാര്യ മേഖല എന്നീ വിഭാഗങ്ങളിലാണ് അവാർഡ് നൽകുന്നത്. ലോകാരോഗ്യ ദിനമായ ഏപ്രിൽ 7ന് പുരസ്കാരങ്ങൾ വിതരണം ചെയ്യും.

ഹെൽത്ത് സർവീസസിൽ വയനാട് നൂൽപ്പുഴ കുടുംബാരോഗ്യ കേന്ദ്രത്തിലെ അസിസ്റ്റന്റ് സർജൻ ഡോ. ദാഹർ മുഹമ്മദ് വി.പി., ഇൻഷുറൻസ് മെഡിക്കൽ സർവീസസിൽ കൊല്ലം പട്ടത്താനം ഇ.എസ്.ഐ. ഡിസ്പെൻസറിയിലെ ഇൻഷുറൻസ് മെഡിക്കൽ ഓഫീസർ ഡോ. ബിന്ദു മേരി ഫ്രാൻസിസ്, മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിൽ തിരുവനന്തപുരം മെഡിക്കൽ കോളേജ് ഇൻഫെക്ഷ്യസ് ഡിസീസസ് വിഭാഗം മേധാവി ഡോ. അരവിന്ദ് ആർ, ദന്തൽ സ്പെഷ്യാലിറ്റീസിൽ തിരുവനന്തപുരം ഗവ. ഫോർട്ട് താലൂക്ക് ആശുപത്രിയിലെ അസിസ്റ്റന്റ് ദന്തൽ സർജൻ ഡോ. ബാബു ഇ.സി, സ്വകാര്യ മേഖലയിൽ എറണാകുളം ആലുവ രാജഗിരി ഹോസ്പിറ്റലിലെ ഗൈനക്കോളജി വിഭാഗം സീനിയർ കൺസൾട്ടന്റ് ഡോ. വി.പി. പൈലി എന്നിവർക്കാണ് മികച്ച ഡോക്ടർമാർക്കുള്ള അവാർഡ്.

## സി.എസ്.ഇ റിപ്പോർട്ട്

# എ.എം.ആർ പ്രതിരോധം കേരളം മാതൃക




### സംസ്ഥാനത്തിന്റെ എ.എം.ആർ പ്രതിരോധം ലോകോത്തര നിലവാരത്തിൽ

തിരുവനന്തപുരം: ആന്റിബയോട്ടിക്ക് മരുന്നുകൾ ദുരുപയോഗം ചെയ്യുന്നതിനെതിരെയുള്ള ബോധവൽക്കരണ പ്രവർത്തനങ്ങളിൽ കേരളം മാതൃകയെന്ന് പ്രമുഖ പരിസ്ഥിതി സംഘടനയായ സെന്റർ ഫോർ സയൻസ് എൻവയൺമെന്റ് (സിഎസ്ഇ) റിപ്പോർട്ട്. സി.എസ്.ഇ പുറത്തിറക്കിയ ഇന്ത്യയുടെ പാരിസ്ഥിതിക തൽസ്ഥിതി 2025 റിപ്പോർട്ടിലാണ് സംസ്ഥാന ആരോഗ്യ വകുപ്പ് ഈ രംഗത്ത് നടത്തിയ പ്രവർത്തനങ്ങൾ രാജ്യത്തിന് മാതൃകയാണെന്നും ലോകോത്തര നിലവാരം പുലർത്തുന്നുവെന്നുമുള്ള വിലയിരുത്തൽ. കേരളം എ.എം.ആർ. പ്രതിരോധത്തിനായി നടത്തുന്ന പ്രവർത്തനങ്ങൾ രാജ്യാന്തര ശ്രദ്ധ നേടുന്നത് അഭിമാനകരമാണെന്ന് ആരോഗ്യ വകുപ്പ് മന്ത്രി വീണാ ജോർജ് പറഞ്ഞു.

രോഗാണുക്കൾ ആന്റിബയോട്ടിക് മരുന്നുകളെ അതിജീവിക്കുന്ന ആഗോള ഭീഷണി മുന്നിൽ കണ്ട് ആന്റി മൈക്രോബിയൽ റെസിസ്റ്റൻസ് (എ.എം.ആർ.) രംഗത്ത് കേരളത്തിന്റെ പ്രവർത്തനങ്ങൾ മറ്റു സംസ്ഥാനങ്ങളും മാതൃകയാക്കണമെന്നും രാജ്യമെമ്പാടും ഇത്തരം പ്രവർത്തനങ്ങൾ നടക്കണമെന്നും റിപ്പോർട്ട് പുറത്തിറക്കിയ സിഎസ്ഇ മേധാവി സുനിതാ നാരായൺ അഭിപ്രായപ്പെട്ടിരുന്നു.

എഎംആറിനെ പ്രതിരോധിക്കാൻ വിവിധങ്ങളായ പ്രവർത്തനങ്ങളാണ് സംസ്ഥാന ആരോഗ്യ വകുപ്പ് നടത്തുന്നത്. സംസ്ഥാനത്തെ എല്ലാ ആശുപത്രികളിലും ആന്റിബയോട്ടിക് സ്റ്റുവർഡ്ഷിപ്പ് കമ്മിറ്റികൾ പ്രവർത്തിക്കുന്നുണ്ട്. ആന്റി മൈക്രോബിയൽ അതിജീവനം ഉയർത്താൻ സാധ്യതയുള്ള ആന്റിബയോട്ടിക്കുകൾ (റിസർവ്) അങ്ങനെ അല്ലാത്ത ആന്റിബയോട്ടിക്കുകൾ (ആക്സസ്, വാച്ച്) പരാജയപ്പെടുന്ന ഘട്ടത്തിൽ മാത്രമേ ഉപയോഗിക്കുന്നുള്ളൂ എന്ന കാര്യവും നാം ആശുപത്രികളിൽ ഉറപ്പാക്കുന്നുണ്ട്. അതോടൊപ്പം ഡോക്ടറുടെ പ്രിസ്ക്രിപ്ഷൻ ഇല്ലാതെ ആന്റിബയോട്ടിക്കുകൾ മെഡിക്കൽ സ്റ്റോറുകളിൽ വിൽക്കാൻ പാടില്ല എന്ന സർക്കാർ നിർദ്ദേശവും ഏതാണ്ട് പൂർണമായി നടപ്പാക്കാൻ നമുക്ക് കഴിഞ്ഞു. ഇതിന്റെ ഫലമായി കേരളത്തിൽ ആന്റിബയോട്ടിക്കുകളുടെ ഉപയോഗത്തിൽ 20 മുതൽ 30 ശതമാനം വരെ കുറവുണ്ടായി എന്നുമാത്രമല്ല ഉപയോഗിക്കപ്പെടുന്നത് തന്നെ താരതമ്യേന ഭീഷണി കുറഞ്ഞ ആന്റിബയോട്ടിക്കുകളാണ് എന്ന് ഉറപ്പാക്കാനും നമുക്ക് കഴിഞ്ഞിട്ടുണ്ട്.

എല്ലാ ആശുപത്രികളേയും ആന്റിബയോട്ടിക് സ്മാർട്ട് ആശുപത്രികളാക്കാനുള്ള നടപടികൾ പുരോഗമിക്കുന്നു. മാത്രമല്ല എല്ലാ പഞ്ചായത്തുകളേയും ആന്റിബയോട്ടിക് സാക്ഷര പഞ്ചായത്തുകളാക്കാനുള്ള നടപടികളും ആരംഭിച്ചിട്ടുണ്ട്. നിലവിൽ മേൽപ്പറഞ്ഞ പ്രവർത്തനങ്ങൾ തുടർച്ചയായി നടന്നുകൊണ്ടിരിക്കുന്ന ഏക സംസ്ഥാനമാണ് കേരളം. ഇത് മറ്റ് സംസ്ഥാനങ്ങളും മാതൃകയാക്കുന്നത് ആന്റി മൈക്രോബിയൽ റെസിസ്റ്റൻസ് എന്ന ആഗോള ഭീഷണിയെ അഭിമുഖീകരിക്കാൻ രാജ്യത്തെ കൂടുതൽ പ്രാപ്തമാക്കുമെന്ന് സി.എസ്.സി റിപ്പോർട്ട് ചൂണ്ടിക്കാണിക്കുന്നു.

കനത്ത ചൂട്

# നേരിട്ടുള്ള വെയിൽ കൊള്ളരുത്



**നിർജലീകരണം ഒഴിവാക്കുന്നതിനായി ദാഹം തോന്നിയില്ലെങ്കിൽ പോലും ധാരാളം വെള്ളം കുടിക്കണം**

തിരുവനന്തപുരം: സംസ്ഥാനത്ത് കനത്ത ചൂട് റിപ്പോർട്ട് ചെയ്യുന്ന സാഹചര്യത്തിൽ എല്ലാവരും ശ്രദ്ധിക്കണമെന്ന് ആരോഗ്യ വകുപ്പ് മന്ത്രി വീണാ ജോർജ്. നേരത്തെ തന്നെ ആരോഗ്യ വകുപ്പ് ജില്ലകൾക്ക് ജാഗ്രതാ നിർദേശം നൽകിയിരുന്നു. താപനില ഉയരുന്നത് മൂലമുള്ള ശാരീരിക ബുദ്ധിമുട്ടുകൾ ഒഴിവാക്കാൻ സ്വയം പ്രതിരോധം വളരെ പ്രധാനമാണ്. രാവിലെ 11 മണി മുതൽ വൈകുന്നേരം 3 മണി വരെ നേരിട്ട് സൂര്യപ്രകാശം ഏൽക്കാതിരിക്കാൻ എല്ലാവരും ശ്രദ്ധിക്കണം. കുഞ്ഞുങ്ങൾ, പ്രായമായവർ, ഗർഭിണികൾ, ഗുരുതര രോഗങ്ങളുള്ളവർ എന്നിവർ പ്രത്യേകം ശ്രദ്ധിക്കണം. നേരിട്ട് വെയിലേൽക്കുന്ന ജോലി ചെയ്യുന്നവർ ജോലി സമയം പ്രഭാതങ്ങളിലും വൈകുന്നേരങ്ങളിലുമായി ക്രമീകരിക്കണം. ശരീരത്തിൽ നിന്നും അമിതമായ ജല നഷ്ടത്തിലൂടെ നിർജലീകരണം ഉണ്ടാകാൻ സാധ്യതയുള്ളതിനാൽ ദാഹം തോന്നിയില്ലെങ്കിലും ധാരാളം വെള്ളം കുടിക്കണം.

സൂര്യാഘാതം മനുഷ്യന് മാത്രമല്ല മൃഗങ്ങൾക്കും ഉണ്ടാകാമെന്നതിനാൽ വളർത്ത് മൃഗങ്ങൾക്കും പക്ഷികൾക്കും വെള്ളം ഉറപ്പാക്കുക. അമിതമായി മധുരം ചേർത്തതും കാർബൺ ഡൈഓക്സൈഡ് ചേർത്തതുമായ വിവിധതരം പാനീയങ്ങൾ വളരെ സൂക്ഷിച്ച് മാത്രം ഉപയോഗിക്കുക. ഇവ നിർജലീകരണത്തിന് കാരണമാകാം. എല്ലാത്തരം മദ്യവും നിർജലീകരണത്തിന് കാരണമാകുമെന്നതിനാൽ വളരെ ശ്രദ്ധിക്കണം.

ചൂട് കുരു, പേശി വലിവ്, ചർമ്മ രോഗങ്ങൾ, വയറിളക്ക രോഗങ്ങൾ, നേത്ര രോഗങ്ങൾ, ചിക്കൻ പോക്സ്, മഞ്ഞപ്പിത്തം തുടങ്ങിയ രോഗങ്ങൾ ചൂട് കാലത്ത് കൂടുതലായി കാണപ്പെടാറുണ്ട്. അതുപോലെ തുടർച്ചയായി വെയിലേറ്റാൽ സൂര്യാഘാതമോ, സൂര്യാതപമോ ഉണ്ടാകാനിടയുണ്ട്. പൊള്ളൽ, ക്ഷീണം, തലകറക്കം, തലവേദന, ഓക്കാനവും ഛർദിയും, അസാധാരണമായ വിയർപ്പ്, കഠിനമായ ദാഹം, മൂത്രത്തിന്റെ അളവ് കുറയുക, മൂത്രം കടും നിറത്തിലാവുക, വേഗത്തിലുള്ള ഹൃദയമിടിപ്പ്, ബോധക്ഷയം എന്നിവ ഉണ്ടായാൽ ശ്രദ്ധിക്കണം. എന്തെങ്കിലും ബുദ്ധിമുട്ട് തോന്നുന്നവർ തണലിൽ മാറി വിശ്രമിച്ച് ധാരാളം വെള്ളം കുടിക്കണം. കട്ടി കൂടിയതോ ചൂട് വർധിപ്പിക്കുന്നതോ ആയ വസ്ത്രങ്ങൾ മാറ്റുക. തണുത്ത വെള്ളം കൊണ്ട് ദേഹം തുടയ്ക്കുക. കാറ്റ് കൊള്ളുക, വീശുകയോ ഫാനോ എ.സി.യോ ഉപയോഗിക്കുകയോ ചെയ്യുക. ഡോക്ടറെ കാണിച്ച് ചികിത്സ തേടുക.

### വളരെ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ

- രാവിലെ 11 മുതൽ വൈകുന്നേരം 3 വരെയുള്ള സമയത്ത് കൂടുതൽ നേരം വെയിലേൽക്കരുത്.
- അയഞ്ഞ, ഇളം നിറത്തിലുള്ള കോട്ടൺ വസ്ത്രങ്ങൾ ധരിക്കുക.
- പുറത്തിറങ്ങുമ്പോൾ പാദരക്ഷകൾ ധരിക്കുക. കുടയോ തൊപ്പിയോ ഉപയോഗിക്കുന്നത് നല്ലത്.
- ദാഹമില്ലെങ്കിലും ധാരാളം വെള്ളം ഇടയ്ക്കിടയ്ക്ക്കുടിക്കുക.യാത്രാ വേളയിൽ ഒരു കുപ്പി വെള്ളം കരുതുന്നത് നല്ലത്.
- തിളപ്പിച്ചാറിയ വെള്ളം കുടിക്കാൻ ഉപയോഗിക്കുക.
- കുട്ടികൾക്ക് ഇടയ്ക്കിടയ്ക്ക് വെള്ളം നൽകണം.
- ഉപ്പിട്ട കഞ്ഞിവെള്ളം, മോര്, നാരങ്ങാവെള്ളം എന്നിവ ധാരാളമായി കുടിക്കുക.
- വെള്ളം ധാരാളം അടങ്ങിയിട്ടുള്ള തണ്ണിമത്തൻ, ഓറഞ്ച് മുതലായ പഴങ്ങളും പച്ചക്കറി സാലഡുകളും കൂടുതലായി ഭക്ഷണത്തിൽ ഉൾപ്പെടുത്തുക
- കുട്ടികളെ വെയിലത്ത് കളിക്കാൻ അനുവദിക്കരുത്
- വെയിലത്ത് പാർക്ക് ചെയ്യുന്ന വാഹനങ്ങളിൽ കുട്ടികളേയും പ്രായമായവരേയും ഇരുത്തിയിട്ട് പോകാതിരിക്കുക.
- ചൂടിന്റെ കാഠിന്യം കുറയ്ക്കാൻ പകൽ സമയത്ത് വീടിന്റെ വാതിലുകളും ജനലുകളും തുറന്നിടുക.
- വൃത്തിയും ശുചിത്വവുമുള്ള സാഹചര്യങ്ങളിൽ സൂക്ഷിക്കുന്ന പാനീയങ്ങൾ മാത്രം ഉപയോഗിക്കുക.
- കടകളിലും ഹോട്ടലുകളിലും ജ്യൂസിൽ ഉപയോഗിക്കുന്ന ഐസ് ശുദ്ധജലം കൊണ്ടുണ്ടാക്കുന്നതാണെന്ന് ഉറപ്പ് വരുത്തണം



കേരളശ്രീ പുരസ്കാരം ഏറ്റു വാങ്ങി

# സന്തോഷം പങ്കിടാൻ മന്ത്രിക്ക് അരികിൽ ഷൈജ






തിരുവനന്തപുരം: കേരള ശ്രീ ജേതാവും വയനാട്ടിലെ ആശാ പ്രവർത്തകയുമായ ഷൈജ ബേബി ആരോഗ്യ വകുപ്പ് മന്ത്രി വീണാ ജോർജിനെ നിയമസഭാ ഓഫീസിലെത്തി കണ്ട് സന്തോഷം പങ്കുവച്ചു. സാമൂഹ്യ സേവനത്തിനുള്ള കേരള ശ്രീ പുരസ്കാരം സ്വീകരിക്കാൻ തിരുവനന്തപുരത്ത് എത്തിയപ്പോഴാണ് മൂന്ന് മാസങ്ങൾക്ക് ശേഷം ഷൈജ ബേബി മന്ത്രിയെ നേരിട്ട് കണ്ടത്. ആപത്ത് സമയത്ത് എല്ലാ പിന്തുണയും നൽകിയതിന് മന്ത്രിയെ നന്ദിയറിയിച്ചു. കഴിഞ്ഞ ക്രിസ്തുമസ് ദിനത്തിൽ മന്ത്രി വീണാ ജോർജ് മേപ്പാടിയിലെത്തി ഉരുൾപൊട്ടലിൽ പ്രിയപ്പെട്ടവരെയും വീടുമൊക്കെ നഷ്ടപ്പെട്ട ആരോഗ്യ പ്രവർത്തകരെയും രക്ഷാപ്രവർത്തനത്തിൽ പങ്കാളികളായ ആരോഗ്യ പ്രവർത്തകരെയും സന്ദർശിച്ചപ്പോൾ ഷൈജയെ വീട്ടിലെത്തി കണ്ടിരുന്നു.

ഷൈജയെ അതിനുമുമ്പ് മന്ത്രി കാണുന്നത് മേപ്പാടി സാമൂഹിക ആരോഗ്യ കേന്ദ്രത്തിൽ ഉരുൾപൊട്ടലിൽ ജീവൻ നഷ്ടപ്പെട്ടവരുടെ മൃതദേഹങ്ങൾ ഷൈജ തിരിച്ചറിയുന്ന പ്രവർത്തനങ്ങൾക്കിടയിലാണ്. ഉരുൾപൊട്ടലിൽ ബന്ധുക്കളായ 9 പേരെ നഷ്ടപ്പെട്ടപ്പോഴും മണ്ണിൽ പുതഞ്ഞ മൃതശരീരങ്ങൾക്കിടയിൽ നിന്ന് നൂറിലധികം പേരെ ഷൈജ ബേബി തിരിച്ചറിഞ്ഞിരുന്നു. ഉരുൾപൊട്ടൽ ദിവസം രാവിലെ മുതൽ മേപ്പാടി ആരോഗ്യ കേന്ദ്രത്തിലേക്ക് നിരവധി മൃതദേഹങ്ങൾ എത്തിയതോടെ തിരിച്ചറിയുന്നതെങ്ങനെയെന്ന് അറിയാതെ ബുദ്ധിമുട്ടി. ഈ സാഹചര്യത്തിലാണ് പ്രിയപ്പെട്ടവരെ നഷ്ടപ്പെട്ട വേദനയിലും മനഃസാന്നിധ്യം കൈവിടാതെ ഷൈജ മൃതദേഹങ്ങളിലും ശരീരഭാഗങ്ങളിലും ഓരോ വ്യക്തികളുടെയും ശാരീരിക പ്രത്യേകതകൾ ഓർത്തെടുത്ത് തിരിച്ചറിഞ്ഞത്.

വയനാട് ജില്ലയിലെ മേപ്പാടി സാമൂഹികാരോഗ്യ കേന്ദ്രത്തിന് കീഴിൽ കഴിഞ്ഞ 16 വർഷക്കാലമായി ആശാ പ്രവർത്തകയായി ഷൈജ ബേബി സേവനം അനുഷ്ഠിക്കുകയാണ്. ഉരുൾപൊട്ടൽ വിവരം ആദ്യം അറിഞ്ഞ നിമിഷം മുതൽ ദുരിതാശ്വാസ പ്രവർത്തനത്തിന്റെ മുൻ നിരയിൽ സജീവമായിരുന്നു ഷൈജ. ബന്ധുക്കൾ പോലും തിരിച്ചറിയാതിരുന്ന സാഹചര്യത്തിൽ മുക്കയിലെയും ചൂരൽമലയിലെയും ഓരോ വ്യക്തിയെയും അടുത്തറിയാവുന്ന ഷൈജയാണ് മൃതദേഹ ഭാഗങ്ങൾ പോലും തിരിച്ചറിഞ്ഞത്. ആ ദുരിതത്തിന്റെ നടുക്കത്തിൽ നിന്നും വേദനയിൽ നിന്നും ഷൈജ ഇപ്പോഴും മോചിതയായിട്ടില്ല. ഷൈജയുടെ മികച്ച സേവനങ്ങൾക്ക് കേരള ശ്രീ പുരസ്കാരത്തിന് സംസ്ഥാന സർക്കാർ തിരഞ്ഞെടുത്തിരുന്നു. അത് ഏറ്റുവാങ്ങുന്നതിന് മകനും സഹോദരനും ഒപ്പമാണ് ഷൈജ ബേബി തിരുവനന്തപുരത്ത് എത്തിയത്.

ഹൃദ്യത്തിലൂടെ 8000 കുഞ്ഞുങ്ങൾക്ക് സൗജന്യ ഹൃദയ ശസ്ത്രക്രിയ

# മാതൃകയായി വീണ്ടും



### ശസ്ത്രക്രിയയ്ക്ക് ശേഷവും തുടർ പരിചരണം ഉറപ്പാക്കുന്നു

തിരുവനന്തപുരം: ജന്മനായുള്ള ഹൃദ്രോഗം സമയബന്ധിതമായി ചികിത്സിക്കാനുള്ള ആരോഗ്യ വകുപ്പിന്റെ ഹൃദ്യം പദ്ധതിയിലൂടെ 8,000 കുഞ്ഞുങ്ങൾക്ക് ഹൃദയ ശസ്ത്രക്രിയ നടത്തിയതായി ആരോഗ്യ വകുപ്പ് മന്ത്രി വീണാ ജോർജ്. ഹൃദ്രോഗത്തിന്റെ തീവ്രതയനുസരിച്ച് കാലതാമസമില്ലാതെ കുഞ്ഞുങ്ങൾക്ക് വിദഗ്ധ ചികിത്സ ലഭ്യമാക്കുകയാണ് ലക്ഷ്യം. ഹൃദ്യം പദ്ധതിയിലൂടെ ചികിത്സയ്ക്കായി ആകെ 24,222 കുട്ടികൾ രജിസ്റ്റർ ചെയ്തു. അതിൽ 15,686 പേർ ഒരു വയസിന് താഴെയുള്ളവരാണ്. ആകെ രജിസ്റ്റർ ചെയ്തവരിൽ ശസ്ത്രക്രിയ ആവശ്യമായ 8000 കുട്ടികൾക്കാണ് ഹൃദയ ശസ്ത്രക്രിയ നടത്തിയത്.

കുഞ്ഞുങ്ങളുടെ ഹൃദയ വൈകല്യങ്ങൾ നേരത്തെ കണ്ടെത്തി ചികിത്സിക്കാനായി വലിയ ഇടപെടലുകളാണ് ആരോഗ്യ വകുപ്പ് സ്വീകരിച്ച് വരുന്നത്. ഇതിന്റെയടിസ്ഥാനത്തിൽ പ്രസവം നടക്കുന്ന എല്ലാ ആശുപത്രികളുടേയും ഗുണനിലവാരം ഉയർത്തി. 12 ആശുപത്രികളെ ലക്ഷ്യ നിലവാരത്തിലേക്ക് ഉയർത്തി. 3 മെഡിക്കൽ കോളേജുകൾക്ക് ദേശീയ മുസ്കാൻ അംഗീകാരം ലഭിച്ചു. ചികിത്സ തേടിയ കുഞ്ഞുങ്ങൾക്ക് തുടർ ചികിത്സ ഉറപ്പാക്കാനും തുടർ നടപടികൾ ഏകീകരിക്കുന്നതിനുമായി ഹൃദ്യം വെബ് സൈറ്റ് വിപുലീകരിച്ചു. അടിയന്തര സ്വഭാവമുള്ള കേസുകളിൽ 24 മണിക്കൂറിനകം വിദഗ്ധ ചികിത്സ ഉറപ്പാക്കുന്നു. ഇതിനായി വെന്റിലേറ്റർ/ ഐ.സി.യു. ആംബുലൻസ് സേവനവും നൽകി വരുന്നു.

ജന്മനാ ഹൃദ്രോഗമുള്ള കുഞ്ഞുങ്ങളിൽ സമയബന്ധിതമായി ഹൃദയ ശസ്ത്രക്രിയ നടത്തിയാൽ മരണത്തിൽ നിന്നും രക്ഷപ്പെടുത്താനാകും. നവജാത ശിശുക്കൾ മുതൽ 18 വയസ് വരെയുള്ള കുട്ടികൾക്ക് ഈ പദ്ധതിയിലൂടെ സേവനം ലഭ്യമാക്കുന്നു. സർക്കാർ ആശുപത്രികളിൽ പ്രസവിക്കുന്ന മുഴുവൻ കുഞ്ഞുങ്ങൾക്കും ഹൃദ്രോഗ പരിശോധന ഉറപ്പാക്കി വരുന്നു. എല്ലാ കുട്ടികൾക്കും പരിചരണം ഉറപ്പാക്കാൻ വീടുകളിലെത്തിയും അങ്കണവാടികളിലും സ്കൂളുകളിലും സ്ക്രീനിംഗ് നടത്തുന്നു. ഹൃദ്രോഗ ലക്ഷണങ്ങൾ കണ്ടെത്തിയാൽ എക്കോ ഉൾപ്പെടെയുള്ള വിദഗ്ധ പരിശോധന നടത്തും. ഗർഭസ്ഥ ശിശുവിന് ഹൃദ്രോഗം കണ്ടെത്തിയാൽ പ്രസവം മുതലുള്ള തുടർ ചികിത്സ ഉറപ്പാക്കുകയും ചെയ്യുന്നു. സർക്കാർ ആശുപത്രികളിലോ, എംപാനൽ ചെയ്ത സ്വകാര്യ ആശുപത്രിയിലോ ശസ്ത്രക്രിയ ലഭ്യമാക്കുന്നു.

8 സർക്കാർ, സ്വകാര്യ ആശുപത്രികൾ ഹൃദ്യം പദ്ധതിയിൽ എംപാനൽ ചെയ്തിട്ടുണ്ട്. തിരുവനന്തപുരം എസ്എടി ആശുപത്രിയിൽ മാത്രം മൂന്നുവർഷം കൊണ്ട് 1000ലധികം കുഞ്ഞുങ്ങൾക്ക് വിദഗ്ധ ഹൃദ്രോഗ ചികിത്സ നൽകിയിട്ടുണ്ട്. പീഡിയാട്രിക് ഹൃദയ ശസ്ത്രക്രിയാ വിഭാഗം ഉൾപ്പെടെ സജ്ജമാക്കി വളരെ ചെലവ് വരുന്ന എക്മോ ചികിത്സയും സങ്കീർണമായ ഹൃദയ ശസ്ത്രക്രിയയും ഉൾപ്പെടെ ആരംഭിച്ചു.

ക്ഷയരോഗത്തെ തുടച്ചു നീക്കാൻ

# ഒരുമിച്ചുള്ള പ്രവർത്തനം അനിവാര്യം: മന്ത്രി വീണാ ജോർജ്



തിരുവനന്തപുരം: ക്ഷയരോഗത്തെ തുടച്ചു നീക്കാൻ ഒരുമിച്ചുള്ള പ്രവർത്തനം അനിവാര്യമാണെന്ന് ആരോഗ്യ വകുപ്പ് മന്ത്രി വീണാ ജോർജ്. ക്ഷയരോഗ നിവാരണത്തിനായി വിവിധങ്ങളായ പദ്ധതികളാണ് സംസ്ഥാനത്ത് നടപ്പിലാക്കി വരുന്നത്. ഡിസംബർ 7 മുതൽ മാർച്ച് 17 വരെ സംഘടിപ്പിച്ച 100 ദിവസത്തെ ക്യാമ്പയിനിലൂടെ വലിയ പ്രവർത്തനങ്ങൾ നടത്താനായി. ഇതിലൂടെ പ്രിസന്റീവ് ടിബി എക്സാമിനേഷൻ നിരക്ക് വർഷത്തിൽ ഒരു ലക്ഷം ജനസംഖ്യയിൽ 1500ൽ നിന്ന് 2201 ആയി ഉയർത്താനായി. ഈ ക്യാമ്പയിനിലൂടെ സംസ്ഥാനത്ത് ക്ഷയരോഗ സാധ്യത കൂടിയ 81.6 ലക്ഷം വ്യക്തികളെ മാപ്പ് ചെയ്തു. മാർച്ച് ആദ്യ ആഴ്ചയോടെ അവരിൽ 75 ശതമാനത്തിലധികം പേരെ സ്ക്രീനിംഗിന് വിധേയരാക്കി. രോഗലക്ഷണങ്ങൾ പ്രകടിപ്പിച്ച 1,98,101 പേർക്ക് വിശദ പരിശോധന നടത്തി. 5,588 ക്ഷയരോഗ ബാധിതരെ കണ്ടെത്തി തുടർ ചികിത്സ ഉറപ്പാക്കാനായതായും മന്ത്രി വ്യക്തമാക്കി.

സെൻട്രൽ ടി.ബി. ഡിവിഷൻ ഗ്രാമ പഞ്ചായത്തുകൾക്ക് മാനദണ്ഡങ്ങൾക്ക് വിധേയമായി ക്ഷയരോഗ മുക്തപദവി നൽകിവരുന്നു. കേരളത്തിൽ 83% ഗ്രാമ പഞ്ചായത്തുകളിലും ടിബി എലിമിനേഷന് ടാസ്ക് ഫോഴ്സ് രൂപീകരിച്ചിട്ടുണ്ട്. ഇവയുടെ കൃത്യമായ പ്രവർത്തനങ്ങളുടെ ഫലമായി 2023 ൽ കേന്ദ്ര സർക്കാർ കേരളത്തിലെ 59 പഞ്ചായത്തുകളെയും ഒരു മുനിസിപ്പാലിറ്റിയെയും (60) വെങ്കല മെഡൽ കാറ്റഗറിയിൽ ക്ഷയരോഗ മുക്തമായി പ്രഖ്യാപിച്ചു. 2024ൽ അവയിൽ 47 പഞ്ചായത്തുകൾ മുൻവർഷത്തിൽ ലഭിച്ച പദവി നിലനിർത്തിയതിനാൽ വെള്ളിമെഡൽ വിഭാഗത്തിൽ ക്ഷയരോഗമുക്ത പദവിക്ക് അർഹത നേടി. 2024 ൽ പുതിയതായി 84 ഗ്രാമ പഞ്ചായത്തുകളും 7 മുനിസിപ്പാലിറ്റികളും ക്ഷയരോഗമുക്ത പദവിക്ക് അർഹത നേടിയിട്ടുണ്ട്. ഒന്നാം വർഷമായതിനാൽ വെങ്കല വിഭാഗത്തിലാണ് അവർക്കു അവാർഡ് ലഭിക്കുക.2024ൽ രണ്ടു വിഭാഗത്തിലുമായി അങ്ങനെ ആകെ 138 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ക്ഷയരോഗമുക്ത പഞ്ചായത്ത് അവാർഡിന് അർഹത നേടിയിട്ടുണ്ട്. വയനാട്, ഇടുക്കി ജില്ലകളിലെ പകുതിയിലധികം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും ക്ഷയരോഗമുക്ത പദവിക്ക് അർഹത നേടി. സർക്കാർ മേഖലയോടൊപ്പം സ്വകാര്യമേഖലയിലെയും ക്ഷയരോഗ നിവാരണ പ്രവർത്തനങ്ങൾ ഏകോപിപ്പിച്ചതിന് 2022ലും 2023ലും സംസ്ഥാനത്തിന് ദേശീയ പുരസ്കാരങ്ങൾ ലഭിച്ചിട്ടുണ്ട്.

# സംസ്ഥാനത്തെ രണ്ട് ആശുപത്രികൾക്ക് കൂടി ദേശീയ ഗുണനിലവാര അംഗീകാരം




### ആകെ 217 ആരോഗ്യ സ്ഥാപനങ്ങൾക്ക് എൻ.ക്യു.എ.എസ്

തിരുവനന്തപുരം: സംസ്ഥാനത്തെ 2 ആശുപത്രികൾക്ക് കൂടി ദേശീയ ഗുണനിലവാര അംഗീകാരം ലഭിച്ചതായി ആരോഗ്യ വകുപ്പ് മന്ത്രി വീണാ ജോർജ്. കോഴിക്കോട് മക്കട ജനകീയ ആരോഗ്യ കേന്ദ്രം 90.35 ശതമാനം സ്കോറോടെ നാഷണൽ ക്വാളിറ്റി അഷ്വറൻസ് സ്റ്റാൻഡേർഡ്സ് (എൻ.ക്യു.എ.എസ്.) അംഗീകാരവും, കോഴിക്കോട് സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രി 93.66 ശതമാനം സ്കോറോടെ മുസ്കാൻ അംഗീകാരവും നേടി. ഇതോടെ സംസ്ഥാനത്തെ ആകെ 217 ആശുപത്രികൾക്ക് എൻ.ക്യു.എ.എസ്. അംഗീകാരവും, 4 ആശുപത്രികൾക്ക് മുസ്കാൻ അംഗീകാരം ലഭിച്ചു.

സംസ്ഥാനത്ത് 5 ജില്ലാ ആശുപത്രികൾ, 5 താലൂക്ക് ആശുപത്രികൾ, 11 സാമൂഹികാരോഗ്യ കേന്ദ്രങ്ങൾ, 43 അർബൻ പ്രൈമറി ഹെൽത്ത് സെന്റർ, 148 കുടുംബാരോഗ്യ കേന്ദ്രങ്ങൾ, 5 ജനകീയ ആരോഗ്യ കേന്ദ്രങ്ങൾ എന്നിവ എൻ.ക്യു.എ.എസ്. അംഗീകാരം നേടിയിട്ടുണ്ട്.

മികച്ച ശിശു സംരക്ഷണ കേന്ദ്രങ്ങൾക്കാണ് ദേശീയ മുസ്കാൻ പുരസ്കാരം നൽകുന്നത്. കോഴിക്കോട് മെഡിക്കൽ കോളേജ് ഐ.എം.സി.എച്ച്, വയനാട് മാനന്തവാടി മെഡിക്കൽ കോളേജ്, മഞ്ചേരി മെഡിക്കൽ കോളേജ് എന്നീ ആശുപത്രികളാണ് മുമ്പ് മുസ്കാൻ സർട്ടിഫിക്കേഷൻ നേടിയിട്ടുള്ളത്. പ്രസവം നടക്കുന്ന ആശുപത്രികളിൽ ഗുണനിലവാരം ഉറപ്പ് വരുത്തിയതിന് 12 ആശുപത്രികൾക്ക് ദേശീയ ലക്ഷ്യ സർട്ടിഫിക്കേഷനും ലഭിച്ചിട്ടുണ്ട്.

നവജാത ശിശുക്കളുടെയും കുട്ടികളുടെയും രോഗാവസ്ഥയും മരണനിരക്കും കുറയ്ക്കുന്നതിനും ജനനം മുതൽ 12 വയസ് വരെയുള്ള കുട്ടികൾക്ക് പൊതുജനാരോഗ്യ കേന്ദ്രങ്ങളിൽ ഗുണനിലവാരമുള്ള ശിശുസൗഹൃദ സേവനങ്ങൾ ഉറപ്പാക്കുകയും ചെയ്യുക എന്നതാണ് മുസ്കാൻ പദ്ധതിയിലൂടെ ഉദ്ദേശിക്കുന്നത്. ശാരീരികവും മാനസികവും സാമൂഹികവുമായ വികസനം ഉൾപ്പെടെ കുട്ടികളുടെ വളർച്ചയുടെയും വികാസത്തിന്റെയും എല്ലാ സുപ്രധാന വശങ്ങളും ഇതിൽ ഉൾക്കൊള്ളുന്നു. നവജാത ശിശു തീവ്ര പരിചരണ യൂണിറ്റുകൾ, പ്രസവാനന്തര വാർഡുകൾ, പീഡിയാട്രിക്ഒപിഡികൾ,എന്നീവിഭാഗങ്ങളുടെ ഗുണനിലവാരം മെച്ചപ്പെടുത്താനും ഈ പദ്ധതിയിലൂടെ ലക്ഷ്യമിടുന്നു.






## പത്രാധിപ സമിതി

ചീഫ് എഡിറ്റർ
**ഡോ. വിനയ് ഗോയൽ ഐ.എ.എസ്**
സ്റ്റേറ്റ് മിഷൻ ഡയറക്ടർ, എൻ.എച്ച്.എം

എഡിറ്റർ
**കെ പി ശിനോഷ്**
സീനിയർ കൺസൾട്ടന്റ്, ബി.സി.സി

മാനേജിംഗ് എഡിറ്റർ
**ഡോണ തോമസ്**
ജെ.സി (ഡി&സി), സ്റ്റേറ്റ് മിഷൻ ഓഫീസ്

അസോ. എഡിറ്റർ
**ടി സ്മൃതി ലക്ഷ്മി**
കൺസൾട്ടന്റ്, സ്റ്റേറ്റ് മിഷൻ ഓഫീസ്

**കെ കെ ഷൈജിൽ**
ജെ.സി (ഡി&സി), സ്റ്റേറ്റ് മിഷൻ ഓഫീസ്

അംഗങ്ങൾ

**ജിജിൽ മാത്യു**
കൺസൾട്ടന്റ് (ഡി&സി), ഇടുക്കി

**ഡാനി പ്രിയൻ**
കൺസൾട്ടന്റ് (ഡി&സി), തൃശ്ശൂർ

**ദിവ്യ ചേലാട്ട്**
കൺസൾട്ടന്റ് (ഡി&സി), കോഴിക്കോട്

**വിനു എ**
കൺസൾട്ടന്റ് (ഡി&സി), എറണാകുളം

**വിനീഷ് സി ആർ**
കൺസൾട്ടന്റ് (ഡി&സി), കോട്ടയം

**ആഗൽ ജോസഫ്**
കൺസൾട്ടന്റ് (ഡി&സി), ആലപ്പുഴ

**വർഷ ജയപ്രകാശ്**
കൺസൾട്ടന്റ് (ഡി&സി), തിരുവനന്തപുരം

**പ്രീത എം**
ജെ.സി (ഡി&സി), പാലക്കാട്

**ദിവ്യ ഇ ആർ**
കൺസൾട്ടന്റ് (ഡി&സി), മലപ്പുറം

**ബിൻസി രവീന്ദ്രൻ**
ജെ.സി (ഡി&സി), കണ്ണൂർ

**കമൽ കെ ജോസഫ്**
ജെ.സി (ഡി&സി), കാസറഗോഡ്

**നിജിൽ കെ എസ്**
ജെ.സി (ഡി&സി), വയനാട്

**അജിത് കുമാർ പി എ**
ജെ.സി (ഡി&സി), പത്തനംതിട്ട

**അശ്വിനി രവീന്ദ്രൻ**
ജെ.സി (ഡി&സി), കൊല്ലം

**ശ്രീദേവി കെ എസ്**
ക്ലർക്ക് & ഡി.ഇ.ഒ, സ്റ്റേറ്റ്

## മലബാർ കാൻസർ സെന്ററിൽ

# കാർ ടി സെൽ തെറാപ്പി വിജയം



### രാജ്യത്ത് കാർ ടി സെൽ തെറാപ്പി നൽകുന്ന രണ്ടാമത്തെ സർക്കാർ സ്ഥാപനം

തിരുവനന്തപുരം: മലബാർ കാൻസർ സെന്റർ പോസ്റ്റ് ഗ്രാജുവേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഓങ്കോളജി സയൻസ് ആന്റ് റിസർച്ചിൽ കാർ ടി സെൽ തെറാപ്പിയിൽ (CAR T Cell Therapy) അഭിമാനകരമായ നേട്ടം കൈവരിച്ചിരിക്കുകയാണ്. എംസിസിയിൽ രാജ്യത്ത് തന്നെ സർക്കാർ തലത്തിൽ രാമതായി ആരംഭിച്ച കാർ ടി സെൽ തെറാപ്പി വിജയം. 5 രോഗികൾക്കാണ് കാർ ടി ചികിത്സക്ക് ആവശ്യമായ ടി സെൽ ശേഖരണം നടത്തിയത്. ഇതിൽ 3 പേരുടെ ചികിത്സ പൂർത്തീകരിച്ചു. ഈ അഞ്ചുപേരിൽ 3 പേർക്ക് ബി അക്യൂട്ട് ലിംഫോബ്ളാസ്റ്റിക് ലുക്കീമിയ എന്ന രോഗമായിരുന്നു. അതിൽ തന്നെ ഒരാളുടെ അസുഖം മജ്ജമാറ്റിവക്കൽ ചികിത്സയ്ക്ക് ശേഷം തിരിച്ചുവന്ന അവസ്ഥയിലായിരുന്നു. 16, 19, 20 വയസ് പ്രായമുള്ള രോഗികളായിരുന്നു ഇവരെല്ലാം. ബി നോൺ ഹോഡ്കിൻസ് ലിംഫോമ എന്ന രോഗമായിരുന്നു മറ്റ് രണ്ടുപേർക്കും. രണ്ട് തരം അതിശക്തമായ കീമോതെറാപ്പി പരാജയപ്പെട്ട രോഗമായിരുന്നു. ഇവർക്കാണ് കാർ ടി ചികിത്സ സഹായകരമായത്.

സാധാരണക്കാർക്കും ലോകോത്തര അത്യാധുനിക ചികിത്സകൾ ലഭ്യമാക്കുക എന്നതാണ് സർക്കാർ ലക്ഷ്യമിടുന്നതെന്ന് ആരോഗ്യ വകുപ്പ് മന്ത്രി വീണാ ജോർജ് പറഞ്ഞു. അതിന്റെ ഭാഗമായാണ് റോബോട്ടിക് സർജറി, കാർ ടി സെൽ തുടങ്ങിയ അത്യാധുനിക ചികിത്സകൾ സാധ്യമാക്കിയത്. രാജ്യത്തിന് അഭിമാനകരമായ നേട്ടം കൈവരിച്ച ഡയറക്ടർ ഉൾപ്പെടെയുള്ള എംസിസിയിലെ മുഴുവൻ ടീം അംഗങ്ങളേയും മന്ത്രി അഭിനന്ദനം അറിയിച്ചു.

പ്രതിരോധ കോശങ്ങൾ കൊണ്ട് കാൻസറിനെ ചികിത്സിക്കുന്നതാണ് കാർ ടി സെൽ തെറാപ്പി. മനുഷ്യ ശരീരത്തിലെ രോഗ പ്രതിരോധം ഉറപ്പാക്കുന്ന ഒരു തരം വെളുത്ത രക്താണുക്കളാണ് ടി സെല്ലുകൾ. കാർ ടി സെൽ ചികിത്സാ രീതിയിൽ ഈ ലിംഫോസൈറ്റുകളെ രോഗിയിൽ നിന്നും ശേഖരിച്ച ശേഷം അവയെ പ്രത്യേകം സജ്ജീകരിച്ച ലബോറട്ടറിയിൽ വെച്ച് ജനിതക പരിഷ്കരണം നടത്തുന്നു. ജനിതകമാറ്റം വരുത്തിയ കോശങ്ങൾ രോഗിയിൽ തിരികെ പ്രവേശിപ്പിക്കുന്നു. ഇത് ട്യൂമർ കോശങ്ങളെ നശിപ്പിക്കുന്നു. ട്യൂമറിനെതിരായ ഏറ്റവും ഫലപ്രദമായ തെറാപ്പികളിൽ ഒന്നാണിത്.

സാധാരണ നിലയിൽ 50 ലക്ഷത്തോളം രൂപ വരുന്ന ജനിതക പരിഷ്കരണമാണ് 'പേഷ്യന്റ് അസ്സിസ്റ്റൻസ് പ്രോഗ്രാം' വഴി 30 ലക്ഷം രൂപയ്ക്ക് ലഭ്യമാക്കിയത്. വിവിധ സർക്കാർ പദ്ധതികളുൾപ്പെടെ ചികിത്സയ്ക്ക് സഹായമാക്കുന്നുണ്ട്.

# കാൻസർ ചികിത്സാ രംഗത്ത് നിർണായക മുന്നേറ്റം




### സർക്കാർ മേഖലയിൽ ആദ്യമായി ആർസിസിയിൽ സർഫസ് ഗൈഡഡ് റേഡിയേഷൻ തെറാപ്പി

തിരുവനന്തപുരം: റീജിയണൽ കാൻസർ സെന്ററിൽ അത്യാധുനിക സർഫസ് ഗൈഡഡ് റേഡിയേഷൻ തെറാപ്പി (എസ്.ജി.ആർ.ടി.) ആരംഭിച്ചതായി ആരോഗ്യ വകുപ്പ് മന്ത്രി വീണാ ജോർജ്. റേഡിയേഷൻ ചികിത്സയിൽ ഉപയോഗിക്കുന്ന ഒരു നൂതന സാങ്കേതികവിദ്യയാണ് എസ്.ജി.ആർ.ടി. സാധാരണ കോശങ്ങൾക്ക് കേടുപാട് വരുത്താതെ കാൻസർ കോശങ്ങളിൽ മാത്രം കൃത്യമായ റേഡിയേഷൻ നൽകാനും പാർശ്വഫലങ്ങൾ കുറയ്ക്കാനും ഇതിലൂടെ സാധിക്കുന്നു. റേഡിയേഷൻ ചികിത്സയിൽ ഉയർന്ന കൃത്യത ഉറപ്പാക്കുന്നതിനും ശരീരത്തിന്റെ ചലനങ്ങൾ നിരീക്ഷിക്കുന്നതിനും ഈ സാങ്കേതികവിദ്യയിലൂടെ സഹായിക്കുന്നു. ത്രീഡി ഇമേജിംഗ് സാങ്കേതികവിദ്യ ഉപയോഗിച്ച് ശരീരത്തിലെ ഉപരിതലം നിരീക്ഷിക്കുന്നതിനാൽ എന്തെങ്കിലും പ്രശ്നങ്ങളുണ്ടോയെന്ന് തത്സമയം കണ്ടെത്താനും ഉടനടി പരിഹരിക്കാനും സാധിക്കുന്നു. സർക്കാർ മേഖലയിൽ ആദ്യമായാണ് ഇത്തരമൊരു റേഡിയേഷൻ തെറാപ്പി ചികിത്സാ സംവിധാനം സജ്ജമാക്കിയതെന്നും മന്ത്രി വ്യക്തമാക്കി.

സ്തനാർബുദം, ശ്വാസ കോശാർബുദം, മറ്റ് കാൻസർ രോഗങ്ങൾ എന്നിവയിലാണ് സാധാരണ എസ്.ജി.ആർ.ടി. ചികിത്സ നൽകുന്നത്. കൃത്യമായ സ്ഥലത്ത് റേഡിയേഷൻ നൽകുന്നതിലൂടെ അനാവശ്യമായ റേഡിയേഷൻ ശരീരത്തിൽ പതിക്കുന്നത് കുറയ്ക്കാൻ സാധിക്കുന്നു. ശരീരത്തിൽ ടാറ്റൂ ചെയ്ത് മാർക്കിട്ടാണ് സാധാരണ റേഡിയേഷൻ നൽകുന്നത്. എന്നാൽ ഈ നൂതന ചികിത്സയിൽ ടാറ്റു ചെയ്യേണ്ട ആവശ്യമില്ല. സാധാരണ റേഡിയേഷൻ ചികിത്സയിൽ രോഗിയുടെ ചലനം മാറിപ്പോയാൽ റേഡിയേഷനും മാറിപ്പോകാൻ സാധ്യതയുണ്ട്. എന്നാൽ എസ്.ജി.ആർ.ടി. ചികിത്സയിൽ രോഗിയ്ക്ക് കൂടുതൽ സൗകര്യം ലഭിക്കുന്നു. ചികിത്സയ്ക്കിടെ ഉണ്ടാകുന്ന ചെറിയ ചലനങ്ങൾ പോലും ത്രീഡി സാങ്കേതികവിദ്യയിലൂടെ കണ്ടെത്താൻ സഹായിക്കുന്നു. ഇത് റേഡിയേഷൻ ചികിത്സയുടെ കൃത്യത വർദ്ധിപ്പിക്കുന്നു.

# ഒപ്പം ചേർത്ത് പാലിയേറ്റിവ് കുടുംബ സംഗമം



പത്തനംതിട്ട: ജീവിതത്തിൽ ആശയും പ്രതീക്ഷയും എല്ലാം നഷ്ടപ്പെട്ടവരാണ് പാലിയേറ്റീവ് കെയർ കിട്ടുന്ന ഒട്ടുമിക്ക അംഗങ്ങളും. ജീവിത ശൈലി രോഗങ്ങളും അപ്രതീക്ഷിതമായി കടന്നു വരുന്ന പ്രശ്നങ്ങളും മറ്റും തളർത്തി കളഞ്ഞ ജീവിതവുമായി മുന്നോട്ട് പോകുന്നവർക്ക് സാധാരണ ജനങ്ങൾ ആസ്വദിക്കുന്ന പല ആഘോഷങ്ങളും സന്തോഷ നിമിഷങ്ങളും വിദൂരമാകുന്നു. അത്തരത്തിൽ വിദൂരതയിൽ ഉള്ള ഒരു ആഗ്രഹം ആയിരുന്നു സിനിമ തിയറ്ററിൽ പോയി ഒരു സിനിമ കാണുക എന്നത്. പന്തളം ബ്ലോക്ക് ഈ വർഷത്തെ പാലിയേറ്റിവ് ദിന പരിപാടി ആലോചിച്ച ഘട്ടത്തിൽ തന്നെ സിനിമക്ക് പോകുന്ന ആശയം മുന്നോട്ട് വന്നു. ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് ബി.എസ് അനീഷ് മോൻ ഈ ആഗ്രഹം സഫലീകരിച്ചു തരുമെന്ന് പാലിയേറ്റിവ് മോണിറ്ററിങ് കമ്മിറ്റിയെ അറിയിച്ചു. ആ ഉറപ്പ് പാലിക്കുന്നതിനുള്ള മറ്റുള്ള പ്രവർത്തനങ്ങൾ പിന്നീട് നടത്തി. തുടർന്ന് ഒപ്പം എന്ന പേരിൽ പാലിയേറ്റീവ് രോഗികളുടെ കൂട്ടായ്മ യാഥാർത്ഥ്യമായി.

പന്തളം ബ്ലോക്ക് പഞ്ചായത്തിന്റെ കീഴിൽ വല്ലന സാമൂഹിക ആരോഗ്യ കേന്ദ്രത്തിന്റെ പരിധിയിലുള്ള ആറന്മുള, മെഴുവേലി, കുളനട എന്നീ പഞ്ചായത്തുകളും തുമ്പമൺ ബ്ലോക്ക് കുടുംബരോഗ്യ കേന്ദ്രത്തിലെ തുമ്പമൺ, പന്തളം, തെക്കേക്കര എന്നീ പഞ്ചായത്തുകളിലെയും സെക്കന്ററി പാലിയേറ്റിവിന്റെ കീഴിലുള്ള പാലിയേറ്റീവ് രോഗികൾക്കും അവരുടെ കൂട്ടിരുപ്പുകാർക്കും വേണ്ടി പത്തനംതിട്ട ട്രിനിറ്റി മൂവിസ് 'ഗെറ്റ് സെറ്റ് ബേബി' എന്ന സിനിമ സ്പെഷ്യൽ ഷോ ഒരുക്കികൊണ്ടാണ് അവരുടെ ആഗ്രഹ നിവൃത്തി വരുത്തിയത്. പാലിയേറ്റീവ് രോഗികളെ സ്വീകരിക്കാനായും അവരോടൊപ്പം ചേരാനും പി.ആർ.പി.സി ജില്ലാ രക്ഷാധികാരിയും മുൻ എം.എൽ.എയുമായ രാജു എബ്രഹാം, പന്തളം ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് അനീഷ് മോൻ ബി.എസ്, വൈസ് പ്രസിഡന്റ് അശ്വതി വിനോജ്, ആരോഗ്യ സ്റ്റാൻഡിങ് കമ്മിറ്റി ചെയർമാൻ പോൾ രാജൻ, ക്ഷേമ കാര്യ സ്റ്റാൻഡിങ് കമ്മിറ്റി ചെയർ പേഴ്സൺ ലാലി ജോൺ, ബ്ലോക്ക് അംഗങ്ങൾ ആയ ജോൺസൻ ഉള്ളന്നൂർ, രജിത കുഞ്ഞുമോൻ, രേഖ അനിൽ, ജൂലി ദിലീപ്, ശോഭ മധു, അനില, ശരത്, തുമ്പമൺ പഞ്ചായത്ത് പ്രസിഡന്റ് റോണി സക്കറിയ ജില്ലാ മെഡിക്കൽ ഓഫീസർ ഡോ. അനിത കുമാരി എൽ, ആരോഗ്യ കേരളം ജില്ലാ പ്രോഗ്രാം മാനേജർ ഡോ. ശ്രീകുമാർ എസ്, തുമ്പമൺ മെഡിക്കൽ ഓഫീസർ ഡോ. ശ്രുതി, വല്ലന മെഡിക്കൽ ഓഫീസർ ഡോ. ജോസ്മിന യോഹന്നാൻ തോമസ്, ആരോഗ്യ പ്രവർത്തകർ, പാലിയേറ്റീവ് കെയർ ഉദ്യോഗസ്ഥർ, ആശാ പ്രവർത്തകർ തുടങ്ങിയവർ പങ്കെടുത്തു. സിനിമ പ്രേക്ഷക കൂട്ടായ്മ പങ്കെടുത്ത എല്ലാവരെയും മെഡൽ നൽകിയാണ് സ്വീകരിച്ചത്.

പുറം ലോകവുമായി ബന്ധങ്ങൾ വിച്ഛേദിക്കപ്പെട്ടവരുടെ ആത്മസംതൃപ്തി ഈ അവസരത്തിൽ ശരിക്കും പ്രകടമായി. ഫിലിം പ്രദർശനത്തിന് ശേഷം ഉച്ചയോടെ പത്തനംതിട്ട മാക്കാംകുന്ന് സെന്റ് സ്റ്റീഫൻസ് ഓർത്തഡോക്സ് ഇടവക സൗജന്യമായി വിട്ടു നൽകിയ ഹാളിൽ എല്ലാവരും ഒരുമിച്ചു ഉച്ചഭക്ഷണം കഴിച്ചുമാണ് സന്തോഷപൂർവ്വം മടക്കയാത്രയായത്.



കോന്നി മെഡിക്കൽ കോളജിൽ

# മാതൃശിശു സംരക്ഷണ വിഭാഗം ഉടൻ: മന്ത്രി വീണാ ജോർജ്



പത്തനംതിട്ട: കോന്നി മെഡിക്കൽ കോളേജിൽ 'ലക്ഷ്യ' മാർഗനിർദേശങ്ങൾക്കനുസൃതമായ മാതൃശിശുസംരക്ഷണവിഭാഗം ഉടൻ പ്രവർത്തനമാരംഭിക്കുമെന്ന് ആരോഗ്യവകുപ്പ് മന്ത്രി വീണാ ജോർജ്. കോന്നി വള്ളിക്കോട് ബ്ലോക്ക് കുടുംബാരോഗ്യകേന്ദ്രത്തിൽ നിർമിച്ച പുതിയ ഒ. പി ബ്ലോക്ക് ഉദ്ഘാടനം ചെയ്യുകയായിരുന്നു മന്ത്രി. ഗർഭിണികൾക്കും കുഞ്ഞുങ്ങൾക്കും മികച്ച പരിചരണം മെഡിക്കൽ കോളേജിൽ സാധ്യമാകും.

പൊതുമരാമത്ത് കെട്ടിട വിഭാഗത്തിന് ആയിരുന്നു വള്ളിക്കോട് കുടുംബാരോഗ്യ കേന്ദ്രത്തിന്റെ നിർമാണ ചുമതല. അവശ്യ ഫർണിച്ചറുകൾ ഉൾപ്പെടെയാണ് ആശുപത്രി ക്രമീകരിച്ചിരിക്കുന്നത്. 3660 ചതുരശ്ര അടി വിസ്തീർണത്തിലാണ് കെട്ടിടം. ഒ.പി കൗണ്ടർ, പ്രീ ചെക്ക് റൂം, സെർവർ റൂം, ബ്ലഡ് കളക്ഷൻ ഏരിയ, ഫാർമസി, ലാബ്, ഡ്രസ്സിങ് ഏരിയ, നഴ്സിംഗ് സ്റ്റേഷൻ, ഒബ്സെർവഷൻ റൂം എന്നിവയാണ് പുതിയ കെട്ടിടത്തിൽ ക്രമീകരിച്ചിട്ടുള്ളത്. പൊതുജനാരോഗ്യ ബ്ലോക്ക് ഉടൻ സാധ്യമാക്കുമെന്നും മന്ത്രി പറഞ്ഞു.

അഡ്വ. കെ.യു. ജനീഷ് കുമാർ എം.എൽ.എ അധ്യക്ഷനായി. പുതിയ ബ്ലോക്കിന്റെ നിർമാണം പൂർത്തിയായതോടെ പ്രാഥമിക ആരോഗ്യ കേന്ദ്രത്തെ മികച്ച കുടുംബാരോഗ്യ കേന്ദ്രമായി ഉയർത്താൻ കഴിഞ്ഞുവെന്ന് അദ്ദേഹം പറഞ്ഞു.

1.13 കോടി രൂപ ചെലവിലാണ് പുതിയ കെട്ടിടം നിർമിച്ചത്. കേരള ഗ്രാമീൺ ബാങ്ക് സി.എസ്.ആ.ർ ഫിൽ നിന്ന് കുടുംബാരോഗ്യകേന്ദ്രത്തിലേക്ക് ചികിത്സാ ഉപകരണങ്ങൾ വിതരണം ചെയ്തുകൊണ്ടുള്ള രേഖ റീജനൽ മാനേജർ സി ഉണ്ണികൃഷ്ണൻ മന്ത്രിയ്ക്ക് കൈമാറി.

കോന്നി ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് എം.വി അമ്പിളി, വള്ളിക്കോട് ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ആർ. മോഹനൻ, വൈസ് പ്രസിഡന്റ് സോജി പി ജോൺ, ജില്ലാ പഞ്ചായത്ത് അംഗം റോബിൻ പീറ്റർ, ജില്ലാ മെഡിക്കൽ ഓഫീസർ ഡോ. എൽ. അനിതകുമാരി, ആരോഗ്യ കേരളം ജില്ലാ പ്രോഗ്രാം മാനേജർ ഡോ. എസ് ശ്രീകുമാർ, ഡെ. ഡി.എം.ഒ ഡോ. നന്ദിനി സി.എസ്, ആർദ്രം നോഡൽ ഓഫീസർ ഡോ.അംജിത്ത് രാജീവൻ, വള്ളിക്കോട് കുടുംബാരോഗ്യ കേന്ദ്രം മെഡിക്കൽ ഓഫീസർ ഡോ സാജൻ ബാബു, ബ്ലോക്ക് – ഗ്രാമ പഞ്ചായത്ത് അംഗങ്ങൾ, ജനപ്രതിനിധികൾ, ആരോഗ്യപ്രവർത്തകർ, തുടങ്ങിയവർ പങ്കെടുത്തു.




# 'ആരോഗ്യ തരംഗം – മുന്നേ ഒരുങ്ങാം മുമ്പേ ഇറങ്ങാം'



## പകർച്ച വ്യാധി പ്രതിരോധ നിയന്ത്രണ ജില്ലാതല കർമ്മ പദ്ധതിയ്ക്ക് തുടക്കമായി

പാലക്കാട്: ഭൂപ്രകൃതിയിലും ജീവിത സാഹചര്യങ്ങളിലും വേറിട്ട് നിൽക്കുന്ന പാലക്കാടിന് സാംക്രമിക രോഗ പ്രതിരോധ– നിയന്ത്രണ പ്രവർത്തനങ്ങൾ ഏകോപിപ്പിച്ച് നടപ്പിലാക്കുന്നതിനുള്ള തനത് കർമ്മപദ്ധതി 'ആരോഗ്യ തരംഗം' കാമ്പയിന് തുടക്കമായി. ത്രിതല പഞ്ചായത്തുകളുടെ മേൽനോട്ടത്തിൽ വിവിധ വകുപ്പുകളുടെ ഏകോപനത്തോടെയാണ് എലിപ്പനി, ഡെങ്കിപനി, മഞ്ഞപ്പിത്തം തുടങ്ങി ജില്ലയുടെ നിശ്ചിത പ്രദേശങ്ങളിൽ സാംക്രമിക സാധ്യതയുള്ള പകർച്ച വ്യാധികൾക്കെതിരെ കൃത്യമായ മുന്നൊരുക്കങ്ങളിലൂടെ തടയിടാനായി. ഇത്തരമൊരു ദൗത്യത്തിലേക്ക് ആരോഗ്യവകുപ്പ് കടക്കുന്നത്.

ഇതുമായി ബന്ധപ്പെട്ട് വിപുലമായ പകർച്ചവ്യാധി പ്രതിരോധ ബോധവൽക്കരണം, വീടുകളിലും സ്ഥാപനങ്ങളിലും ആരോഗ്യജാഗ്രതാ പാലനം വിലയിരുത്തുന്നതിനായുള്ള സന്ദർശനം, കൊതുകിന്റെ പ്രധാന ഉറവിടങ്ങൾ കണ്ടെത്തി നീക്കം ചെയ്യൽ, പൊതുസ്ഥലങ്ങളിലെ ശുചീകരണം, ഡ്രൈ ഡേ ആചരണം, അങ്കണവാടികൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ, വൃദ്ധസദനങ്ങൾ, കെയർ ഹോമുകൾ, ഹോസ്റ്റലുകൾ എന്നിവയൊക്കെ കേന്ദ്രീകരിച്ചുള്ള ഹെൽത്തി കേരള പരിശോധന, തോട്ടങ്ങളിലും നിർമ്മാണ സ്ഥലങ്ങളിലും ശുചീകരണ, ഉറവിട നശീകരണ പ്രവർത്തനങ്ങൾ ഈഡിസ് കൊതുക് സാന്ദ്രത കൂടിയ പ്രദേശങ്ങളിൽ ജനപങ്കാളിത്തത്തോടെ സംയോജിത പ്രവർത്തനങ്ങൾ എന്നിങ്ങനെ ആരോഗ്യ ജാഗ്രത കർമ്മപരിപാടി അടിസ്ഥാനമാക്കി സമഗ്രമായ സാംക്രമിക രോഗപ്രതിരോധ പ്രവർത്തനങ്ങളാണ് ജില്ലയിൽ നടപ്പിലാക്കുന്നത്.

ആരോഗ്യ തരംഗം പദ്ധതിയുടെ ജില്ലാതല ഉദ്ഘാടനം പാലക്കാട് ജില്ലാ പഞ്ചായത്ത് പ്രസിഡ് ബിനുമോൾ കെ നിർവഹിച്ചു. ആരോഗ്യ ജാഗ്രത കലറിന്റെ പ്രകാശനവും ജില്ലയിൽ നടപ്പിലാക്കുന്ന പകർച്ച വ്യാധി ബോധവത്ക്കരണ മെറ്റീരിയലുകളുടെ പ്രകാശനവും നിർവഹിച്ചു. പാലക്കാട് ജില്ലാ പഞ്ചായത്ത് ആരോഗ്യ വിദ്യാഭ്യാസ സ്റ്റാന്റിങ്ങ് കമ്മിറ്റി ചെയർപേഴ്സൺ ഷാബിറ എ അദ്ധ്യക്ഷത വഹിച്ച ചടങ്ങിൽ ജില്ലാ മെഡിക്കൽ ഓഫീസർ ഡോ. വിദ്യ. കെ. ആർ വിഷയാവതരണം നടത്തി. കേരള ബ്ലോക്ക് പഞ്ചായത്ത് അസോസിയേഷൻ സംസ്ഥാന കമ്മിറ്റി എക്സിക്യൂട്ടീവ് അംഗവും കൊല്ലങ്കോട് ബ്ലോക്ക് പഞ്ചായത്ത് പ്രസിഡണ്ടുമായ ആർ.ചിന്നക്കുട്ടൻ, തദ്ദേശ സ്വയം ഭരണ വകുപ്പ് ജോയിന്റ് ഡയറക്ടർ ഉഷ എ.കെ, പാലക്കാട് ജില്ലാ പഞ്ചായത്ത് സെക്രട്ടറി രാമൻ കുട്ടി എം തുടങ്ങിയവർ ആശംസകൾ അർപ്പിച്ച് സംസാരിച്ചു.

റിട്ടയേർഡ് ടെക്നിക്കൽ അസിസ്റ്റന്റ് ശംഭു ഡി.കെ പകർച്ച വ്യാധി പ്രതിരോധ പ്രവർത്തനങ്ങളിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പങ്ക് എന്ന വിഷയത്തിൽ ക്ലാസെടുത്തു. കൊല്ലങ്കോട് കുടുംബാരോഗ്യ കേന്ദ്രം മെഡിക്കൽ ഓഫീസർ ഡോ. ബോബി മാണി, കല്ലടിക്കോട് കുടുംബാരോഗ്യ കേന്ദ്രം മെഡിക്കൽ ഓഫീസർ ഡോ. ജിനു, പൂക്കോട്ടുക്കാവ് കുടുംബാരോഗ്യകേന്ദ്രം ഹെൽത്ത് ഇൻസ്പെക്ടർ വിനോദ് വി.കെ എന്നിവർ മാതൃക പദ്ധതി അവതരിപ്പിച്ചു. കൊല്ലങ്കോട് സാമൂഹികാരോഗ്യ കേന്ദ്രത്തിലെ ആരോഗ്യ പ്രവർത്തകർ പകർച്ചവ്യാധി ബോധവത്ക്കരണ നാടകം അവതരിപ്പിച്ചു. ജില്ലയിലെ വിവിധ പഞ്ചായത്തുകളിലെ പ്രസിഡുമാർ, ജില്ലാ പ്രോഗ്രാം ഓഫീസർമാർ, വിവിധ ആരോഗ്യ കേന്ദ്രങ്ങളിലെ മെഡിക്കൽ ഓഫീസർമാർ, ഹെൽത്ത് സൂപ്പർവൈസർമാർ, ഹെൽത്ത് ഇൻസ്പെക്ടർമാർ തുടങ്ങിയവർ ചടങ്ങിൽ പങ്കെടുത്തു.

നല്ല നാളേക്കായി

# സ്കൂൾ സമഗ്ര ആരോഗ്യ പദ്ധതി



കാസർഗോഡ്: ആരോഗ്യമുള്ള പുതുതലമുറയെ സൃഷ്ടിക്കുവാനും ഏകാരോഗ്യ സമീപനത്തെക്കുറിച്ചുള്ള ബോധ്യം വളർത്തുവാനും, ജീവിതശൈലി, ലഹരി വസ്തുക്കളുടെ ഉപയോഗം, ഇലക്ട്രോണിക് ഉപകരണങ്ങളുടെയും സാമൂഹ്യമാധ്യമങ്ങളുടെ ഉപയോഗം, ആരോഗ്യകരമായ ഭക്ഷണ ശീലം തുടങ്ങി പുതുതലമുറയുടെ സമഗ്ര ആരോഗ്യം ലക്ഷ്യമിട്ട് സ്കൂൾ സമഗ്ര ആരോഗ്യ പദ്ധതി നടപ്പിലാക്കുന്നു. ആരോഗ്യവകുപ്പ് 2025–26 കാലഘട്ടത്തിൽ കേരള സർക്കാർ നടപ്പിലാക്കുന്ന സ്കൂൾ സമഗ്ര ആരോഗ്യ പദ്ധതി ശാരീരിക ആരോഗ്യം, ലൈംഗിക പ്രത്യുൽപാദന ആരോഗ്യം, മാനസികാരോഗ്യം, സാമൂഹ്യ സുസ്ഥിതി, വിവിധ ആരോഗ്യ സേവനങ്ങൾ, സ്ക്രീനിങ് പരിപാടി എന്നീ വിഷയങ്ങൾ അടിസ്ഥാനമാക്കിയായിരിക്കും പദ്ധതി നടപ്പിലാക്കുന്നത്.

ആരോഗ്യമുള്ള പുതു തലമുറയെ സൃഷ്ടിക്കുവാനും, ഏകാരോഗ്യ സമീപനത്തെക്കുറിച്ചുള്ള ബോധ്യം വളർത്തുവാനും, ജീവിതശൈലി, ലഹരി വസ്തുക്കളുടെ ഉപയോഗം ഇലക്ട്രോണിക് ഉപകരണങ്ങളുടെയും സാമൂഹ്യമാധ്യമങ്ങളുടെ ഉപയോഗം ആരോഗ്യകരമായ ഭക്ഷണ ശീലം തുടങ്ങി പുതു തലമുറയുടെ സമഗ്ര ആരോഗ്യമാണ് ഇതിലൂടെ ആരോഗ്യവകുപ്പ് ലക്ഷ്യമിടുന്നത്. സംസ്ഥാനതല റിസോഴ്സ് ഗ്രൂപ്പ്, ജില്ലാതല റിസോഴ്സ് ഗ്രൂപ്പ്, ബ്ലോക്ക് ഗ്രൂപ്പുകൾ എന്നിങ്ങനെ രൂപീകരിച്ച് ആരോഗ്യവകുപ്പിലെയും വിദ്യാഭ്യാസ വകുപ്പിലെയും സംസ്ഥാനതല ഉദ്യോഗസ്ഥർ, അധ്യാപകർ ഡോക്ടർമാർ, ജനപ്രതിനിധികൾ, ആരോഗ്യ പ്രവർത്തകർ എന്നിവരെ ഏകോപിപ്പിച്ചു കൊണ്ടാണ് പരിശീലന പരിപാടികൾ നടത്തുക. അതിനുശേഷം ഓരോ സ്കൂളിലെയും മെൻററർമാരായി അധ്യാപകരെയും ഹെൽത്ത് അംബാസിഡർമാരായി കുട്ടികളെയും തിരഞ്ഞെടുത്ത് അധ്യാപകരുടെയും ജനപ്രതിനിധികളുടെയും രക്ഷകർത്താക്കളുടെയും ക്രിയാത്മകമായ ഇടപെടലുകളിലൂടെ കുട്ടികളുടെ സമഗ്ര ആരോഗ്യ പരിരക്ഷ ഉറപ്പുവരുത്തുവാനാണ് കേരളത്തിൽ ഉടനീളം ഈ പദ്ധതി നടപ്പിലാക്കുന്നത്.

ആരോഗ്യവകുപ്പ്, ദേശീയ ആരോഗ്യ ദൗത്യം, വദ്യാഭ്യാസ വകുപ്പ് എന്നിവയുടെ സംയുക്ത ആഭിമുഖ്യത്തിലാണ് സമഗ്ര സ്കൂൾ ആരോഗ്യപരിപാടി നടപ്പിലാക്കുന്നത്. കേരളത്തിലെ പൊതുവിദ്യാലയങ്ങളിലെ അധ്യാപകർക്കും ആരോഗ്യ വകുപ്പിന് കീഴിലുള്ള ഡോക്ടർമാർക്കും ഘട്ടം ഘട്ടമായി നൽകുന്ന ശാക്തീകരണ പരിപാടികളാണ് ഇപ്പോൾ ആരംഭിച്ചിരിക്കുന്നത്. അടുത്ത അധ്യയനവർഷത്തിൽ ഈ പദ്ധതി പൂർണ്ണമായും എല്ലാ സ്കൂളുകളിലും നടപ്പിലാക്കും.

പദ്ധതിയുടെ ജില്ലാതല പരിശീലന പരിപാടി കാഞ്ഞങ്ങാട് ദേശീയ ദേശീയ ആരോഗ്യ ദൗത്യം കോൺഫറൻസ് ഹാളിൽ നടന്നു. ജില്ലാ മെഡിക്കൽ ഓഫീസ് ( ആരോഗ്യം) ദേശീയ ആരോഗ്യ ദൗത്യം എന്നിവയുടെ സംയുക്ത ആഭിമുഖ്യത്തിലാണ് പരിശീലനപരിപാടി സംഘടിപ്പിച്ചത്. പരിപാടിയുടെ ജില്ലാ തല ഉദ്ഘാടനം ജില്ലാ മെഡിക്കൽ ഓഫീസർ (ആരോഗ്യം) ഡോ. എ.വി രാംദാസ് നിർവഹിച്ചു. ജില്ലാ ആർ.സി.എച്ച് ഓഫിസർ ഡോ. ഷാൻറി കെ.കെ അധ്യക്ഷയായിരുന്നു. ജില്ലയിലെ വിവിധ വകുപ്പുകളിലെ മേധാവികളും മോഡൽ ഓഫീസർമാരുമാണ് പരിശീലന പരിപാടിയിൽ പങ്കെടുത്തത്.

# കുഞ്ഞോമന ജനിക്കേണ്ടത് ഏറ്റവും സുരക്ഷിത കരങ്ങളിൽ

## പ്രസവം സുരക്ഷിതമാക്കാൻ ആശുപത്രി തന്നെ തെരഞ്ഞെടുക്കാം

**പ്രസവം** ഏതുസമയത്തും അതിസങ്കീർണമായേക്കാം; അത് യഥാസമയം കൈകാര്യം ചെയ്യാനുള്ള സൗകര്യം ഉറപ്പുവരുത്തണം. പ്രസവം സുരക്ഷിതമാക്കാൻ ആശുപത്രിതന്നെ തെരഞ്ഞെടുക്കാം



ഏകദേശം 50 വർഷങ്ങൾക്കു മുൻപുവരെ ആശുപത്രി സൗകര്യങ്ങൾ കുറവായിരുന്ന കാലത്ത് പ്രസവം നടക്കുക പലപ്പോഴും വീടുകളിലായിരുന്നു. പ്രസവത്തെ തുടർന്ന് അമ്മ, കുഞ്ഞ് എന്നിവർ മരിക്കുന്നത് സാധാരണ സംഭവമായിരുന്നു. മാതൃമരണം, ശിശുമരണം എന്നിവ അക്കാലങ്ങളിൽ ഇപ്പോഴുള്ളതിന്റെ പല മടങ്ങായിരുന്നു. ഇതിനെ തുടർന്നാണ് ആളുകൾ പ്രസവത്തിനു ആശുപത്രികൾ തന്നെ തെരഞ്ഞെടുക്കാൻ തുടങ്ങിയത്. 1951ൽ ഇന്ത്യയിൽ ഒരുലക്ഷം സ്ത്രീകൾ പ്രസവിക്കുമ്പോൾ 1000 പേർ മരണമടഞ്ഞിരുന്നുവെന്നാണ് മുദലിയാർ കമ്മിറ്റി റിപ്പോർട്ട് സൂചിപ്പിക്കുന്നത്. എന്നാൽ ഇപ്പോൾ അത് 97 ആണ്. കേരളത്തിൽ ഇത് 19 ആണ് (എസ്.ആർ.എസ് 2018–19).

മുൻപൊക്കെ സിനിമകളിൽ പ്രസവം അത് വീട്ടിലായാലും ആശുപത്രിയിലായാലും കുടുംബത്തിലെ എല്ലാവർക്കും സംഘർഷഭരിതമായ രംഗമായാണ് ചിത്രീകരിക്കാറ്. എന്നാൽ ഇപ്പോൾ വൈദ്യശാസ്ത്രത്തിന്റെ വളർച്ചയോടെ അത്തരം രംഗങ്ങൾ വളരെ സന്തോഷമുള്ള ശുഭ മുഹൂർത്തങ്ങളായി മാറിയിട്ടുണ്ട്. സിനിമകളിൽ പോലും പ്രസവസമയത്ത് കുഞ്ഞോ അമ്മയോ മരിക്കുന്നത് നാം കാണാറില്ല.

അപകടങ്ങൾ കുറഞ്ഞപ്പോൾ പ്രസവം തീരെ ലളിതമാണെന്നും അതിനു ആശുപത്രിയിൽ പോകേണ്ടകാര്യമൊന്നുമില്ല എന്നൊരു തോന്നൽ വളരെ ന്യൂനപക്ഷം ആളുകൾക്കെങ്കിലും തോന്നിത്തുടങ്ങുന്ന പ്രതിലോമകരമായ അവസ്ഥ സംജാതമാകുന്നുവെന്നു ചില റിപോർട്ടുകൾ സൂചിപ്പിക്കുന്നു. ഇത് പക്ഷെ അപകടകരമാണെന്ന് പറയാതിരിക്കാൻ വയ്യ. പ്രസവിക്കുമ്പോൾ സംഭവിക്കാവുന്ന അപകടങ്ങൾ ശരിയായി കൈകാര്യം ചെയ്യാൻ വൈദ്യശാസ്ത്രത്തിനും നമ്മുടെ ആശുപത്രി സംവിധാനങ്ങൾക്കും കഴിയുന്നു എന്നതുകൊണ്ടാണ് നമുക്ക് പലപ്പോഴും ഇത് അത്ര ലളിതമായ ഒരു കാര്യമായി തോന്നുന്നത്. യഥാർത്ഥത്തിൽ ശരിയായ സംവിധാനങ്ങൾ ഇല്ലെങ്കിൽ മുൻപുള്ള അപകടങ്ങൾ ഇപ്പോഴും സംഭവിക്കാവുന്നതേയുള്ളു.



### പ്രസവത്തോടനുബന്ധിച്ച അപകടസാധ്യതകൾ എന്തെല്ലാം?

#### അമിതരക്തസ്രാവം

പ്രസവസമയത്ത് അമിതരക്തസ്രാവം ആർക്കൊക്കെ ഉണ്ടാകാം എന്നതിന് ചില സൂചകങ്ങൾ ഉണ്ടെങ്കിൽ പോലും ആ അപകടം എപ്പോൾ, ആർക്കൊക്കെ സംഭവിക്കാമെന്ന്? പൂർണമായും പ്രവചിക്കാൻ കഴിയില്ല. മാതൃമരണങ്ങളുടെ കാരണങ്ങളിൽ ഏറ്റവും മുൻപിൽ നിൽക്കുന്നത് അമിത രക്തസ്രാവം, അമിത രക്തസമ്മർദ്ദം, അണുബാധ തുടങ്ങിയവയാണ്. ഇവ തടയാനുള്ള സാഹചര്യങ്ങൾ ഒരുക്കുകയും നിയന്ത്രിക്കുകയും ചെയ്യുകയാണ് സാധാരണ ഒരു ആശുപത്രി ലേബർ റൂമിൽ പരിശീലനം സിദ്ധിച്ച ഡോക്ടർമാരും നഴ്സുമാരും ചെയ്യുന്നത്. അണുവിമുക്തമായ ഉപകരണങ്ങളും മാദണ്ഡങ്ങൾക്കനുസരിച്ചുള്ള മുൻകരുതലും ഒരുക്കിയാണ് പ്രസവമുറികളിൽ ഇതിനായുള്ള തയാറെടുപ്പുകൾ നടത്തുന്നത്.

പ്രസവശേഷം സാധാരണയായി ഹോർമോൺ പ്രവർത്തനത്തിൽ ഗർഭപാത്രം ചുരുങ്ങും. എന്നാൽ, ചില സ്ത്രീകൾക്ക് ഇത് ചുരുങ്ങാതെ വന്നാൽ അമിതമായി രക്തം പുറത്തുവരുന്ന പ്രശ്നമുണ്ടാകും. അപ്പോൾ കൃത്യസമയത്ത് ശരിയായ ചികിത്സ കിട്ടാതെ വന്നാൽ അമിതമായ രക്തസ്രാവമുണ്ടാവുകയും മരണകാരണമാവുകയും ചെയ്യാം.

ഇത് കൂടാതെ അമിതമായ വിളർച്ച, ഒന്നിലധികം കുഞ്ഞുങ്ങളെ ഗർഭം ധരിക്കുക എന്നീ അവസ്ഥകളുള്ളവർക്കും പ്രസവസമയത്ത് അമിത രക്തസ്രാവം ഉണ്ടാകാം. ഇത്തരക്കാർക്ക് സങ്കീർണത ഒഴിവാക്കാൻ ശരിയായ ഗർഭകാല പരിചരണം നൽകാറുണ്ട്.

കുഞ്ഞ് പിറന്നതിനു ശേഷം മറുപിള്ള (പ്ലാസന്റ) പുറത്തു വരുന്നതിനു മുമ്പുള്ള സമയത്ത് അമിത രക്തസ്രാവം ഉണ്ടാകാനുള്ള സാധ്യത മനസ്സിലാക്കി മരുന്ന് നൽകുന്നതാണ് ലേബർ റൂമുകളിൽ ജീവൻരക്ഷാ പ്രവർത്തനമായി മാറുന്നത്. ഗർഭപാത്രം ചുരുങ്ങാനുള്ള മരുന്നാണ് നൽകുന്നത്. ഇത് ലഭ്യമായി തുടങ്ങിയതിൽ പിന്നെയാണ് മാതൃമരണങ്ങൾ ഗണ്യമായി കുറയ്ക്കാൻ കഴിഞ്ഞത്.

വീട്ടിൽ പ്രസവിക്കുന്ന ഒരു സ്ത്രീക്ക് അവിടെ ഈ മരുന്ന് നൽകാൻ കഴിയില്ല. മരുന്നിന്റെ ഡോസ്, കൊടുക്കുന്ന രീതി ഒക്കെ ഒരു ഡോക്ടർക്കേ നിശ്ചയിക്കാൻ കഴിയൂ.

പ്രസവം ഏതുസമയത്തും അതിസങ്കീർണമായേക്കാം എന്നതാണ് വസ്തുത. പ്രസവാനന്തരം ഉണ്ടാകാൻ സാധ്യതയുള്ള അമിതരക്തസ്രാവം ഫലപ്രദമായി ചികിത്സിക്കുന്നതിന് അനിവാര്യമായ രക്തവും അനുബന്ധ മരുന്നുകളും ആശുപത്രി സംവിധാനത്തിലൂടെയേ സാധ്യമാകൂ. ഗർഭകാലത്ത് മറ്റു സങ്കീർണതകൾ ഒന്നും കണ്ടെത്താൻ കഴിയാത്തവരിലും പ്രസവാനന്തരം അമിത രക്തസ്രാവം ഉണ്ടാകാം. എന്നാൽ ഇത് മുൻകൂട്ടി പ്രവചിക്കാൻ സാധികക്കാത്തതുമാണ്. ഇത് യഥാസമയം കണ്ടെത്തി ശരിയായ ചികിത്സ നൽകുന്നതിന് പരിശീലനം സിദ്ധിച്ച ഒരു ഡോക്ടർക്ക് മാത്രമേ കഴിയൂ.

#### ദീർഘമായ പ്രസവം

എല്ലാ പരിശോധനാ ഫലങ്ങളും നോർമൽ ആണെങ്കിലും ചില സ്ത്രീകൾക്ക് പെട്ടെന്ന് പ്രസവം തടസ്സപ്പെടാൻ സാധ്യതയുണ്ട്. നല്ല ശ്രദ്ധ പുലർത്തിയാലേ ഇത് തിരിച്ചറിയാൻ കഴിയൂ. മണിക്കൂ



റുകൾ നീളുന്ന പ്രസവസമയത്ത് കുഞ്ഞ് പുറത്തേക്ക് വരുന്ന ഇടുപ്പെല്ലിലൂടെയുള്ള സഞ്ചാരപാതയിൽ തടസ്സം വരുന്നതാണ് ഈ സ്ഥിതി. കുഞ്ഞിന്റെ വലുപ്പക്കൂടുതൽ കൊണ്ടോ സഞ്ചാരപാതയുടെ വ്യാപ്തിക്കുറവു കൊണ്ടോ, സഞ്ചാരപാതയിൽ ശരിയായ ദിശയിലല്ലാതെ കുഞ്ഞ് പ്രവേശിക്കുന്നതുകൊണ്ടോ ഒക്കെ ഇതു സംഭവിക്കാം. പരിചയസമ്പത്തുള്ള ഒരു ഡോക്ടർക്ക് മാത്രമേ ഇത് കൃത്യസമയത്ത് കണ്ടെത്തി, സിസേറിയൻ ഉൾപ്പെടെ അടിയന്തര ചികിത്സ നൽകാൻ കഴിയൂ.

എന്നാൽ ഇത് വകവെയ്ക്കാതെ പ്രസവവേദനയുണ്ടായാൽ സ്വയം പ്രസവിക്കും പുഷ് ചെയ്താൽ മതി എന്ന് കരുതിയാൽ ചിലപ്പോൾ ഗർഭപാത്രം തന്നെ പിളർന്നു പോകാം. ഈ അവസ്ഥയിൽ അമ്മയും കുഞ്ഞും മരിക്കാനും സാധ്യതയേറെയാണ്.

കുഞ്ഞ് കുറെ നേരം അമ്മയുടെ ഗർഭപാത്രത്തിൽ കുടുങ്ങിക്കിടക്കുന്നത് മനസ്സിലാക്കാതിരുന്നാൽ, ഓക്സിജൻ തലച്ചോറിൽ എത്തുന്നത് കുറഞ്ഞ് ഹൈപോക്സിയ ഉണ്ടാകാം. ഈ അവസ്ഥയിൽ കുഞ്ഞിനെ ജീവനോടെ കിട്ടിയാലും തലച്ചോറിന്റെ പ്രവർത്തനക്ഷമത കുറഞ്ഞ് ബുദ്ധിമാന്ദ്യം സംഭവിക്കാനും സെറിബ്രൽ പാൾസി പോലുള്ളവ ഉണ്ടാകുവാനും സാധ്യതയുണ്ട്. ഇതൊഴിവാക്കാൻ പ്രസവം ആശുപത്രിയിലാക്കുന്നതാണ് ഉത്തമം.



#### രക്താദിമർദ്ദം

പ്രസവത്തിനു മുമ്പ് രക്തസമ്മർദം വളരെ സാധാരണമായിരുന്നവരിൽ പോലും പ്രസവസമയത്തോ അതിനു ശേഷമോ അസാധാരണമായി രക്തസമ്മർദം കൂടുന്ന അവസ്ഥ വരാം. ഇതിന്റെ പ്രത്യാഘാതമായി അപസ്മാരം ഉൾപ്പെടെ ഉണ്ടാകാറുണ്ട്. അപൂർവമായി ആണെങ്കിലും പ്രസവത്തോടനുബന്ധിച്ച് ഉണ്ടാകുന്ന തലച്ചോറിലെ രക്തസ്രാവം, അപസ്മാരം എന്നിവ മാതൃമരണത്തിന് കാരണമാകാം.


#### കുഞ്ഞിന്റെ ഹൃദയമിടിപ്പ് – വ്യതിയാനങ്ങൾ

പ്രസവം മുന്നേറുമ്പോൾ, കൃത്യമായ ഇടവേളകളിൽ കുഞ്ഞിന്റെ ഹൃദയമിടിപ്പ് നോക്കുന്നത് വളരെ പ്രധാനമാണ്. ഇലക്ട്രോണിക് ഫീറ്റൽ മോണിറ്ററിങ് ഉപയോഗിച്ചാണ് ഇത് ചെയ്യുന്നത്. പ്രശ്നസാധ്യതയുള്ള കുഞ്ഞുങ്ങളിൽ തുടർച്ചയായ പരിശോധന ആവശ്യമാണ്. കുഞ്ഞിന്റെ ഹൃദയമിടിപ്പ് അമിതമായി കുറഞ്ഞു വരികയാണെങ്കിൽ അടിയന്തിര ശസ്ത്രക്രിയ നടത്തി കുഞ്ഞിനെ രക്ഷിക്കേണ്ടതായിവരും.

#### അണുബാധ

പ്രസവത്തോടനുബന്ധിച്ച് അമ്മയ്ക്കും കുഞ്ഞിനും ഉണ്ടാകാൻ സാധ്യതയുള്ള അണുബാധ തടയുന്നത് വളരെ പ്രധാനമാണ്. അതിനായി പ്രസവമുറിയും അനുബന്ധ ഉപകരണങ്ങളും അണുവിമുക്തമായി സൂക്ഷിക്കേണ്ടത് വളരെ പ്രധാനമാണ്.

അമ്മയ്ക്കോ കുഞ്ഞിനോ അണുബാധയുണ്ടായാൽ യഥാസമയം ഫലപ്രദമായ ചികിത്സനൽകാൻ സാധിച്ചില്ലെങ്കിൽ ആന്തരിക അവയവങ്ങളുടെ പ്രവർത്തനം തടസ്സപ്പെടുകയും മരണം വരെ സംഭവിക്കാനും കാരണമാകുന്നു. ആശുപതികളിൽ ഇവ കൈകാര്യം ചെയ്യാൻ ഫലപ്രദമായ സംവിധാങ്ങളുണ്ട്. എന്നാൽ വീട്ടിൽ പ്രസവിക്കുന്ന സാഹചര്യത്തിൽ ഇത്തരം സങ്കീർണതകൾ ഒഴിവാക്കാൻ പലപ്പോഴും സാധിക്കാതെവരും.



ഇത്തരം അപകടാവസ്ഥകൾ കൂടാതെ മറ്റു പല സാങ്കീർണതകളും പ്രസവത്തോടനുബന്ധിച്ച് ഉണ്ടാകാൻ സാധ്യതയുണ്ട് അവയൊക്കെ മുൻകൂട്ടി കണ്ടെത്തി യഥാസമയം ഫലപ്രദമായ ചികിത്സ ഉറപ്പുവരുത്തുന്നതിലൂടെ ആശുപത്രി സംവിധാനം അമ്മയുടെയും കുഞ്ഞിന്റെയും ജീവൻ രക്ഷിക്കുവാനും അവരുടെ ആരോഗ്യം സംരക്ഷിക്കുവാനും സഹായകരമാകുന്നു.

#### സർക്കാർ ആശുപത്രികൾ

ഗർഭകാലപരിചരണവും അനുബന്ധ ചികിത്സയും അമ്മയ്ക്കും കുഞ്ഞിനും തികച്ചും സൗജന്യമായാണ് സർക്കാരാശുപത്രികളിൽ ലഭ്യമാക്കുന്നത്. ഇതിനുള്ള മെച്ചപ്പെട്ട അടിസ്ഥാന സുകാര്യങ്ങൾ എല്ലാ സർക്കാർ ആശുപത്രികളിലെയും പ്രസവമുറി, ഓപ്പറേഷൻ തീയേറ്റർ എന്നിവയിൽ ഒരുക്കിയിട്ടുണ്ട്.

ഇവ പ്രയോജനപ്പെടുത്തിയാൽ അമ്മയ്ക്കും കുഞ്ഞിനും മെച്ചപ്പെട്ട ആരോഗ്യം നിലനിർത്താനും കേരളത്തിലെ ശിശുമരണനിരക്കും മാതൃമരണനിരക്കും പരമാവധി കുറയ്ക്കാനും നമുക്ക് സാധിക്കുന്നതാണ്.

നിലവിൽ ഇന്ത്യയിലെ ഇതര സംസ്ഥാനങ്ങളെ അപേക്ഷിച്ച് മാതൃമരണനിരക്കും ശിശുമരണനിരക്കും ഏറ്റവും കുറഞ്ഞ സംസ്ഥാനമാണ് കേരളം. ഇത് നമുക്ക് പ്രാപ്യമായത് ഗുണമേന്മയേറിയ ഗർഭകാലപരിചരണവും പ്രസവശുശ്രൂഷയും പ്രസവാന്തര പരിചരണവും സംസ്ഥാനത്തെ എല്ലാ സ്ത്രീകൾക്കും ഒരുപോലെ ലഭ്യമായതിനാലാണ്. കേരളത്തിൽ നടക്കുന്ന പ്രസവങ്ങളിൽ 99 ശതമാനത്തിൽ അധികവും ആശുപത്രികളിൽ തന്നെയാണ് നടക്കുന്നത് എന്നതും കേരളത്തിലെ മാതൃമരണനിരക്കും ശിശുമരണനിരക്കും കുറയ്ക്കുന്നതിന് ഏറെ സഹായകരമായിട്ടുണ്ട്.



#### ഉപസംഹാരം

പ്രസവത്തോടനുബന്ധിച്ച് ഉണ്ടാകാൻ സാധ്യതയുള്ള പ്രധാന സങ്കീർണതകളായ അമിതരക്തസ്രാവം, രക്താതിമർദ്ദം, അണുബാധ, കുഞ്ഞിന്റെ ഹൃദയമിടിപ്പിലെ വ്യതിയാനം തുടങ്ങിയവ യഥാസമയം കണ്ടെത്തി അവ തടയാനും അവിചാരിതമായി അപകടങ്ങൾ സംഭവിച്ചാൽ കൃത്യമായ ചികിത്സ നൽകി അമ്മയുടെയും കുഞ്ഞിന്റെയും ജീവനും ആരോഗ്യവും സംരക്ഷിക്കാനും പ്രസവം ആശുപത്രികളിൽ തന്നെ നടക്കുന്നു എന്നുറപ്പിക്കേതുണ്ട്. സർക്കാർ സംവിധാനങ്ങളും സാങ്കേതികവിദ്യകളും പരമാവധി പ്രയോജനപ്പെടുത്തി ജന്മം നൽകുന്ന വേളയിൽ ഒരു ജീവനും പൊലിയാതെ നോക്കാൻ നമുക്കേവർക്കും ഒത്തൊരുമിച്ച് പ്രവർത്തിക്കാം. കുഞ്ഞോമന ജനിക്കുന്നത് ഏറ്റവും സുരക്ഷിതമായ സാഹചര്യങ്ങളിലാണ് എന്നുറപ്പിക്കാം.

ഡോ.മീനാക്ഷി വി.
അഡീ.ഡയറക്ടർ
(കുടുംബക്ഷേമം)

വൻകുടലിലെ അർബുദം: 1700ലേറെ ശസ്ത്രക്രിയകൾ നടത്തി

# എറണാകുളം ജനറൽ ആശുപത്രി



എറണാകുളം: വൻകുടലിലെ അർബുദ ചികിത്സയിൽ 1700-ൽ അധികം ശസ്ത്രക്രിയകൾ പൂർത്തിയാക്കി എറണാകുളം ജനറൽ ആശുപത്രി. ഇതിൽ 1300 ഓളം ലാപ്രോസ്കോപ്പിക് കീഹോൾ ശസ്ത്രക്രിയകളാണ്. കാൻസർ ചികിത്സാരംഗത്ത് വലിയ മുന്നേറ്റമായി മാറുകയാണ് ജനറൽ ആശുപത്രി.

പ്രതിമാസം 400 മുതൽ 600 വരെ ശസ്ത്രക്രിയകളാണ് ആശുപത്രിയിൽ നടത്തുന്നത്. ഉദരം, വൻകുടൽ, ഹെർണിയ, പാൻക്രിയാസ്, അന്നനാളം തുടങ്ങിയ ഭാഗങ്ങളിലെ ശസ്ത്രക്രിയകളാണ് കാൻസർ ചികിത്സയിൽ കൂടുതലായി നടക്കുന്നത്.

സംസ്ഥാനത്ത് സർക്കാർ മേഖലയിൽ താക്കോൽദ്വാര ശസ്ത്രക്രിയ വ്യാപകമായി നടത്തുന്ന ഏറ്റവും പ്രധാനപ്പെട്ട സ്ഥാപനമാണ് എറണാകുളം ജനറൽ ആശുപത്രി. ജില്ലാതല ആശുപത്രി എന്ന നിലയിൽ രാജ്യത്തിന് തന്നെ മാതൃകയാക്കാവുന്ന തരത്തിലുള്ള ചികിത്സാസൗകര്യങ്ങളാണ് ജനറൽ ആശുപത്രിയിൽ നടത്തിക്കൊണ്ടിരിക്കുന്നത്.

റേഡിയേഷൻ തെറാപ്പിക്ക് ലിനാക്, 24 മണിക്കൂറും പ്രവർത്തിക്കുന്ന നൂതന സാങ്കേതിക വിദ്യയോടെയുള്ള സെൻട്രൽ ലാബ്, ആൻജിയോഗ്രാഫിക്കും ആൻജിയോപ്ലാസ്റ്റിക്കുമുള്ള കാർഡിയാക് കാത്ത് ലാബ്, കളർഡോപ്ലർ, എക്കോ കാർഡിയോഗ്രാഫി തുടങ്ങിയ അത്യാധുനിക ചികിത്സാ സൗകര്യങ്ങളും ഇവിടെ സജ്ജമാണ്.

ആലപ്പുഴ ജനറൽ ആശുപത്രി

# എ പ്ലസ് ഹരിത ആശുപത്രി



ആലപ്പുഴ: ജില്ലയിലെ എ പ്ലസ് ഹരിത ആശുപത്രിയായി ആലപ്പുഴ ജനറൽ ആശുപത്രി. പരിസ്ഥിതി പരിപാലനത്തിന്റെ സംസ്കാരം സമൂഹത്തിന് പകർന്നു നൽകുവാനായി ഹരിത പെരുമാറ്റച്ചട്ടം പാലിച്ചുകൊണ്ട് ശുചിത്വ-മാലിന്യ സംസ്കരണം, ജലസുരക്ഷ, ഊർജ്ജസംരക്ഷണം, ജൈവവൈവിധ്യ സംരക്ഷണം എന്നീ മേഖലകളുമായി ബന്ധപ്പെട്ട് കാര്യക്ഷമവും മാതൃകപരവുമായ പ്രവർത്തനങ്ങൾ നടത്തിവരുന്നതിന്റെ അടിസ്ഥാനത്തിലാണ് എ പ്ലസ് ഗ്രേഡോടെ ആലപ്പുഴ ജനറൽ ആശുപത്രി ഹരിത സ്ഥാപനമായി മാറിയത്. നവകേരളം കർമ്മ പദ്ധതി ജില്ലാ കോഓർഡിനേറ്റർ കെ. എസ്. രാജേഷിൽ നിന്നും ആലപ്പുഴ നഗരസഭാധ്യക്ഷ കെ.കെ. ജയമ്മയും ആശുപത്രി സൂപ്രണ്ട് ഡോ. സന്ധ്യ. ആർ ഉം ചേർന്ന് സർട്ടിഫിക്കറ്റ് ഏറ്റുവാങ്ങി. ആശുപത്രിക്കായി നവകേരളം കോഓർഡിനേറ്റർ ശുചീകരണത്തിനായുള്ള പ്രഷർ വാഷ് മെഷീനും സമ്മാനിച്ചു. ഇതോടനുബന്ധിച്ചു നടന്ന സമ്മേളനം നഗരസഭാധ്യക്ഷ കെ.കെ. ജയമ്മ ഉദ്ഘാടനം ചെയ്തു. സൂപ്രണ്ട് ഡോ. സന്ധ്യ ആർ. അധ്യക്ഷത വഹിച്ചു. കെ.എസ്. രാജേഷ് വിഷയാവതരണം നടത്തി. ഡെപ്യൂട്ടി ഡി.എം.ഒ ഡോ. അനു വർഗ്ഗീസ് മുഖ്യപ്രഭാഷണം നടത്തി. പൊതുമരാമത്ത് സ്റ്റാൻഡിംഗ് കമ്മറ്റി ചെയർമാൻ എം.ആർ പ്രേം, കൗൺസിലർ പി.റഹിയാനത്ത്, ചീഫ് കൺസൾട്ടന്റ് ഡോ. കെ. വേണുഗോപാൽ, ആർ.എം.ഒ ഡോ. ആശ എം, നോഡൽ ഓഫീസർ ഡോ. പ്രിയദർശൻ സി.പി, ലേ സെക്രട്ടറി സാബു റ്റി, നഴ്സിങ് സൂപ്രണ്ട് റസി ബി ബേബി, പി.ആർ.ഒ ബെന്നി അലോഷ്യസ്, ജെ.എച്ച്.ഐ പീറ്റർ റ്റി.എസ്. തുടങ്ങിയവർ സംസാരിച്ചു.

# കല്ലാർ വട്ടിയാർ പി.എച്ച്.സിയിൽ ആരോഗ്യമേള




ഇടുക്കി: പള്ളിവാസൽ ഗ്രാമ പഞ്ചായത്ത് സംഘടിപ്പിച്ച 'സജ്ജം' ഗ്രാമമേളയുടെ ഭാഗമായി കല്ലാർ വട്ടിയാർ പി.എച്ച്.സി ആരോഗ്യമേള സംഘടിപ്പിച്ചു. പള്ളിവാസൽ ഗ്രാമ പഞ്ചായത്തിലെ പി.എച്ച്.സി കല്ലാർ വട്ടിയാർ ആർദ്രം പദ്ധതിയുടെ ഭാഗമായി എച്ച്.ഡബ്ല്യു.സി തലത്തിൽ ആരോഗ്യ മേളകൾ നടത്തി.

പള്ളിവാസൽ പഞ്ചായത്തിലെ എട്ടു മേഖലകളിൽ വിവിധ ദിവസങ്ങളിലായി നടക്കുന്ന മേളയിൽ മൂന്നു മേളകൾ പൂർത്തിയാകുമ്പോൾ കല്ലാർ വട്ടിയാർ പി.എച്ച്.സി യുടെ ആരോഗ്യ മേളയിൽ 1108 പേർ പങ്കെടുത്തു.

ചിത്തിരപുരം ഡോബിപ്പാലം ഗ്രൗണ്ടിൽ തയ്യാറാക്കിയ മികച്ച സ്റ്റേജും ആരോഗ്യ വകുപ്പിന്റെ കീഴിലുള്ള വിവിധ യൂണിറ്റുകളുടെയും പൊതുജനങ്ങൾക്ക് സേവനം നൽകുന്ന വിവിധ വകുപ്പുകളുടെയും ഉൾപ്പെടെ 24 കൗണ്ടറുകളും മേളയിൽ ഉണ്ടായിരുന്നു.

രജിസ്ട്രേഷൻ, ജീവിതശൈലി രോഗനിർണ്ണയം, ജനറൽ മെഡിക്കൽ സ്ക്രീനിംഗ്, ദേശീയ ആരോഗ്യദൗത്യം എന്ന പേരിൽ ഉള്ള കൗണ്ടറിലൂടെ മാനസികാരോഗ്യം, കൗൺസിലിംഗ്, കൗമാര ആരോഗ്യം, ഭൂമിക, ഈ- സഞ്ജീവനി, ആർ.ബി.എസ്.കെ തുടങ്ങിയ സേവനങ്ങളും, അമ്മയും കുഞ്ഞും, ആരോഗ്യം ആനന്ദം- അകറ്റാം അർബുദം, ദന്തപരിശോധന, കണ്ണ് പരിശോധന, എൻ.റ്റി.ഇ.പി, എൻ.എൽ.ഇ.പി, സ്ക്രീനിംഗ്, പൊതുജനാരോഗ്യ വിഭാഗം, ഐ.സി.റ്റി.സി, ഇതര സംസ്ഥാന തൊഴിലാളി സ്ക്രീനിംഗ്, ബ്ലഡ് സ്മിയർ കളക്ഷൻ, പീഡിയാട്രിക്, ഫിസിഷ്യൻ, ജനറൽ മെഡിസിൻ, ക്യാമ്പുകൾ, ലാബ് സേവനം, എച്ച്.ബി കാർഡ് ടെസ്റ്റിംഗ്, പാലിയേറ്റീവ്, ഐ.സി.ഡി.എസ് കൗൺസിലിംഗ്, ഐ.സി.ഡി.എസ് - ഹെൽത്തി ഡയറ്റ്, ആയുർവേദം, സിദ്ധ, ഹോമിയോ, വെറ്റിനറി, കൃഷി വകുപ്പ്, കുടുംബശ്രീ, വ്യവസായ വകുപ്പ്, എക്സൈസ്, സഹകരണ ബാങ്ക്, ശുചിത്വമിഷൻ/ഹിൽദാരി, ഗ്രാമ പഞ്ചായത്ത് എന്നിവയുടെ സ്റ്റാളുകളും, ഇടുക്കിയുടെ മിടുക്കി - എൻ.റ്റി.ഇ.പി സെൽഫി കോർണർ കൂടാതെ വിവിധ കലാപരിപാടികളും, വിനോദത്തിനായുള്ള പ്രത്യേക സൗകര്യങ്ങളും ഈ മേളയിൽ ഒരുക്കിയിട്ടുണ്ട്.

ജില്ലയിലെ ആരോഗ്യ മേഖലകളിൽ മികച്ച പ്രവർത്തനങ്ങളാണ് കല്ലാർ വട്ടിയാർ പി.എച്ച്.സി മേളയിലൂടെ നടപ്പിലാക്കിയത്. ഇനി നടക്കാൻ പോകുന്ന അഞ്ച് മേളയിലും മികച്ച സേവനം ജനങ്ങൾക്ക് നൽകാനുള്ള തയാറെടുപ്പിലാണ് പി.എച്ച്.സി ജീവനക്കാർ.

# പറന്നുയർന്ന് ശലഭവും ഹൃദ്യവും



ആർ.ബി.എസ്.കെ നഴ്സ് റാഷിന എം. കെ യ്ക്ക് ജില്ലാ പ്രോഗ്രാം മാനേജർ ഡോ. പി കെ അനിൽകുമാറും ആർദ്രം നോഡൽ ഓഫീസർ ബിജോയ് സി.പിയും ചേർന്ന് ഉപഹാരം നൽകുന്നു.

കണ്ണൂർ: സമഗ്ര നവജാതശിശു പരിചരണത്തിനായി സർക്കാർ നടപ്പിലാക്കി വരുന്ന പദ്ധതിയാണ് 'ശലഭം'. ജന്മനാ ഹൃദയ വൈകല്യമുള്ള കുട്ടികളുടെ ചികിത്സയ്ക്കായി സർക്കാർ നടപ്പിലാക്കി വരുന്ന പദ്ധതിയാണ് 'ഹൃദ്യം'. രണ്ട് പദ്ധതികളിലൂടെ ഒരു നവജാത ശിശുവിന് പുതുജീവൻ നൽകിയതിന്റെ വേറിട്ട കഥയാണ് കണ്ണൂരിന് പറയാനുള്ളത്.

തലശ്ശേരി ജനറൽ ആശുപത്രിയിൽ മാർച്ച് നാലിനാണ് കോഴിക്കോട് തൂണേരി സ്വദേശികളായ ഷിജില, ലിനീഷ് ദമ്പതികൾക്ക് കുഞ്ഞ് ജനിച്ചത്. 24 മണിക്കൂർ പിന്നിട്ടതിന് ശേഷമുള്ള പതിവ് പരിശോധനകൾക്കായി അടുത്ത ദിവസം 12 മണിയോടെ ശലഭം സ്ക്രീനിങ് കോർണറിലേക്ക് കുഞ്ഞിനെ കൊണ്ടു വന്നു. പ്രത്യക്ഷത്തിൽ ഒരു രോഗ ലക്ഷണവും ഇല്ലാതിരുന്ന കുഞ്ഞിന്റെ ഓക്സിജന്റെ അളവിൽ വ്യത്യാസമുള്ളതായി പരിശോധനയിൽ നഴ്സ് കണ്ടെത്തി.

നവജാത ശിശുവിന്റെ വലതു കയ്യിലെയും കാലിന്റെയും ഓക്സിജന്റെ അളവ് തുടർച്ചയായി ഓരോ മിനിറ്റ് വീതം പരിശോധിക്കുന്നതാണ് ന്യൂബോൺ പൾസ് ഓക്സീമെട്രിക് സ്ക്രീനിംഗ്. സാധാരണ നിലയിൽ 95 ന് മുകളിലാണ് റീഡിങ് ലഭിക്കേണ്ടത്. എന്നാൽ കുഞ്ഞിന് 80 നും 85 നും ഇടയിലാണ് റീഡിങ് ലഭിച്ചത്. ഉടനെ തന്നെ അത് ഡ്യൂട്ടിയിൽ ഉള്ള ശിശുരോഗ വിദഗ്ധനായ ഡോ. ശ്രീജിത്തിനെ അറിയിച്ചു. തുടർന്ന് നടന്ന പരിശോധനയിലും റീഡിങ്ങിൽ മാറ്റമില്ലെന്ന് ഡോക്ടർ ഉറപ്പിച്ചു. ഡോക്ടർ ആവശ്യമായ പ്രാഥമിക ചികിത്സകൾ നൽകുകയും രക്ഷിതാക്കളെ അറിയിച്ച് അന്നുതന്നെ കണ്ണൂർ മെഡിക്കൽ കോളേജിലേക്ക് റെഫർ ചെയ്യുകയും ചെയ്തു. അപ്പോഴും ബാഹ്യമായ രോഗലക്ഷണങ്ങളില്ലാതിരുന്ന കുഞ്ഞിന്റെ എക്കോ പരിശോധനയിൽ കുഞ്ഞിന് ഹൃദ്യത്തിൽ ജന്മനാ വൈകല്യം ഉള്ളതായി കണ്ടെത്തി. ഉടൻ തന്നെ ഹൃദ്യം പദ്ധതി വഴി രജിസ്ട്രേഷൻ നടപടികൾ പൂർത്തിയാക്കുകയും തുടർ ചികിത്സയ്ക്കായി കൊച്ചി അമൃത ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസിൽ എത്തിക്കുകയും സർജറി വിജയകരമായി പൂർത്തിയാക്കുകയും ചെയ്തു.

ജനിച്ച് ഒരു ദിവസം മാത്രം പ്രായമായ കുഞ്ഞിന്റെ ഹൃദയ വൈകല്യം നേരത്തെ കണ്ടുപിടിക്കാൻ സാധിച്ചതും ചികിത്സ ഉറപ്പാക്കാൻ കഴിഞ്ഞതും വലിയ നേട്ടമാണ്. ശലഭം നഴ്സായ റാഷിനയുടെ സമയോചിതമായ ഇടപെടൽ ഏറെ പ്രാധാന്യമർഹിക്കുന്നു. സർക്കാരിന്റെ ശിശു-ആരോഗ്യ പരിചരണ പദ്ധതികൾക്ക് അഭിമാനകരമായ പുതിയ ഏട് കൂടി തുന്നിച്ചേർത്തിരിക്കുകയാണ് റാഷിന വഴി ശലഭവും ഹൃദ്യവും.




കാൻസർ പ്രതിരോധ ജനകീയ ക്യാമ്പയിന്റെ ഭാഗമായി കാസർകോട് സംഘടിപ്പിച്ച വനിതാ സംഗമം

നിഷയ്ക്ക് സ്വപ്നസാഫല്യം

# ആശയ്ക്ക് നഴ്സായി പ്രമോഷൻ



### പഠന വേളയിൽ ആശ പ്രവർത്തന പരിചയം പാഠ്യഭാഗങ്ങളിൽ നിഷയെ ഏറെ സഹായിച്ചു

തൃശ്ശൂർ: പെരുമ്പിലാവ് ആരോഗ്യ കേന്ദ്രത്തിന്റെ കീഴിൽ ആശയായി പ്രവർത്തിച്ച് വരികയായിരുന്നു നിഷ പി.കെ. 16–ാം വയസ്സിൽ വിവാഹിതയാവുകയും മൂന്ന് കുട്ടികളുടെ അമ്മയാവുകയും ചെയ്ത നിഷ തന്റെ സ്വപ്നമായ നഴ്സ് ആവുക എന്ന ആഗ്രഹത്തെയും അതിനായുള്ള പഠനത്തെയും കുടുംബത്തിന്റെ ഉത്തരവാദിത്വങ്ങളുടെ നടുവിൽ ഉപേക്ഷിച്ചു. ആശയായി നിയമനം ലഭിക്കുകയും അതിനായുള്ള പരിശീലനങ്ങളിൽ പങ്കെടുക്കുകയും വാർഡ് തലത്തിൽ പ്രവർത്തിക്കാൻ തുടങ്ങിയതോടെയും കുട്ടിക്കാലത്തെ സ്വപ്നമായ നഴ്സ് ആവുക എന്ന മോഹത്തിന് വീണ്ടും ചിറകു മുളച്ചു.

അപ്പോഴാണ് പ്ലസ്ടു പാസ്സായ ആശമാർക്ക് ജെ.പി.എച്ച്.എൻ. കോഴ്സിലേക്ക് 2 സീറ്റ് സംവരണം ചെയ്തിട്ടുള്ള വിവരം ആരോഗ്യകേരളം ജില്ലാ ഓഫീസിൽ നിന്നും അറിഞ്ഞത്. പ്രതീക്ഷയില്ലാതിരുന്നിട്ടും നഴ്സ് ആകാനുള്ള മോഹവും ഫീൽഡിലെ പ്രവർത്തന പരിചയവും അപേക്ഷ അയക്കുവാൻ പ്രചോദനമേകി. 10 വർഷം ആശയായി പ്രവർത്തിച്ചതിന്റെ അടിസ്ഥാനത്തിൽ സംവരണം ചെയ്ത രണ്ട് സീറ്റുകളിൽ ഒന്ന് നിഷക്ക് ലഭിച്ചു. ആശയായി പ്രവർത്തിച്ചത് കൊണ്ട് മാത്രമാണ് സംവരണ സീറ്റ് എന്ന വാതിൽ നിഷയുടെ മുൻപിൽ തുറന്നത്. 2 വർഷ കോഴ്സ് തലയോലപ്പറമ്പ് ഗവ. ജെ.പി.എച്ച്.എൻ. ട്രെയിനിങ്ങ് സെന്ററിൽ പൂർത്തീകരിച്ചു. പഠന വേളയിൽ ആശ പ്രവർത്തന പരിചയം പാഠ്യഭാഗങ്ങളിൽ നിഷയെ ഏറെ സഹായിച്ചു. 32 –ാം വയസ്സിൽ പഠനം പുനരാരംഭിക്കുമ്പോൾ ജില്ലാ ആശാ കോർഡിനേറ്ററുടെ പ്രോത്സാഹനമാണ് ആകെ ഉണ്ടായിരുന്ന ആശ്വാസം. ഈ പ്രായത്തിൽ പഠിക്കുന്നതിനെ പലരും പരിഹസിച്ചു. എന്നാൽ മനോബലം കൈവിടാതെ മുന്നോട്ട് പോയി. പ്രതിസന്ധികൾ തരണം ചെയ്യാൻ കോവിഡ് കാലഘട്ടത്തിലെ പ്രവർത്തനങ്ങൾ മനോധൈര്യം നൽകിയിട്ടുണ്ട്.

ജെ.പി.എച്ച്.എൻ കോഴ്സിന്റെ പഠനം പൂർത്തീകരിച്ച് തിരിച്ചെത്തി വീണ്ടും ആശയായി പ്രവർത്തനം പുനരാരംഭിച്ചു.


പിന്നീട് തൃശ്ശൂർ ആരോഗ്യകേരളം ഓഫീസിൽ ആർ.ബി.എസ്.കെ നഴ്സുമാരുടെ ഒഴിവിലേക്ക് പരീക്ഷ / ഇന്റർവ്യൂ നടന്നപ്പോൾ അപേക്ഷിക്കുകയും ജോലിക്ക് നിയമനം ലഭിക്കുകയുമാണ് ഉണ്ടായത്.

ഇപ്പോൾ പഴഞ്ഞി സി.എച്ച്.സി.യുടെ കീഴിൽ ആർ.ബി.എസ്.കെ നഴ്സായി പ്രവർത്തിക്കുമ്പോൾ ഏറെ ആത്മാഭിമാനവും സ്വപ്നസാക്ഷാത്ക്കാരത്തിന്റെ സന്തോഷവുമാണ് നിഷക്ക്. ഒരു ലെപ്രസി കേസ് കണ്ടെത്തുകയും ഹൃദ്യം ഗുണഭോക്താവിന് പെട്ടെന്ന് ചികിത്സ ലഭ്യമാക്കാനുള്ള പ്രവർത്തനമുൾപ്പടെ നിഷയുടെ ജോലിയിലുള്ള സമർപ്പണ മനോഭാവത്തിന് കയ്യടികൾ ഏറെ ലഭിച്ചു കഴിഞ്ഞു.

നിഷയുടെ ജീവിതത്തിൽ സ്വപ്നങ്ങൾക്ക് നിറം പകരാൻ ആശ എന്ന പ്രവർത്തനം വഹിച്ച പങ്ക് വിലമതിക്കാനാവാത്തതാണ്.

കോഴിക്കോട് മെഡിക്കൽ കോളേജിൽ

# അതിനൂതന ചികിത്സ വിജയം



### കേരളത്തിലെ സർക്കാർ ആശുപത്രികളിൽ ആദ്യമായി

കോഴിക്കോട്: സർക്കാർ മെഡിക്കൽ കോളേജിൽ അതിനൂതന ചികിത്സ വിജയം. അന്നനാളത്തിന്റെ ചലന ശേഷിക്കുറവ് മൂലം രോഗിയ്ക്ക് ഭക്ഷണം കഴിക്കാൻ കഴിയാത്ത അവസ്ഥ ഉണ്ടാക്കുന്ന അക്കാലാസിയ കാർഡിയ എന്ന രോഗത്തിനാണ് വിദഗ്ധ ചികിത്സ നൽകി ജീവിതത്തിലേക്ക് തിരികെയെത്തിച്ചത്. ഗ്യാസ്ട്രോ എന്ററോളജി വിഭാഗത്തിന് കീഴിലാണ് എൻഡോസ്കോപ്പി വഴി നടത്തുന്ന അതിനൂതന ചികിത്സയായ പി.ഒ.ഇ.എം (POEM: Per Oral Endoscopic Myotomy) നൽകിയത്. ചികിത്സയ്ക്ക് ശേഷം രോഗി സുഖം പ്രാപിച്ചു വരുന്നു. നൂതന ചികിത്സ നൽകിയ മെഡിക്കൽ കോളേജിലെ മുഴുവൻ ടീം അംഗങ്ങളേയും ആരോഗ്യ വകുപ്പ് മന്ത്രി വീണാ ജോർജ് അഭിനന്ദിച്ചു.

കാസർഗോഡ് സ്വദേശിയായ 43 കാരനാണ് ചികിത്സ നൽകിയത്. വർഷങ്ങളായി ഭക്ഷണം ഇറക്കുന്നതിന് തടസം നേരിടുകയും കഴിയ്ക്കുന്ന ഭക്ഷണം വായിൽ തിരികെ തികട്ടി വരികയും ചെയ്തിരുന്നു. മറ്റ് പല ആശുപത്രികളിലും ചികിത്സ തേടിയെങ്കിലും ഫലമുണ്ടായില്ല. തുടർന്നാണ് കോഴിക്കോട് മെഡിക്കൽ കോളേജ് ആശുപത്രിയിലെത്തിയത്. ഗ്യാസ്ട്രോ എന്ററോളജി വിഭാഗത്തിലെ വിദഗ്ധ പരിശോധനയിലാണ് രോഗത്തിന്റെ സങ്കീർണാവസ്ഥ അറിഞ്ഞത്. തുടർന്നാണ് എൻഡോസ്കോപ്പി വഴി നടത്തുന്ന അതിനൂതന ചികിത്സയായ പി.ഒ.ഇ.എം നൽകിയത്. സ്വകാര്യ ആശുപത്രികളിൽ ഒന്നര ലക്ഷം രൂപയോളം ചെലവുള്ള ചികിത്സയാണ് സർക്കാർ പദ്ധതിയിലൂടെ സൗജന്യമായി നൽകിയത്. കേരളത്തിലെ ഗവൺമെന്റ് ആശുപത്രികളിലും മെഡിക്കൽ കോളേജുകളിലും ആദ്യമായാണ് ഈ രീതിയിലുള്ള ചികിത്സ നടക്കുന്നത്.

പ്രിൻസിപ്പൽ ഡോ. സജീത് കുമാർ കെ.ജി, സൂപ്രണ്ട ഡോ. ശ്രീജയൻ എം പി എന്നിവരുടെ ഏകോപനത്തിൽ ഗ്യാസ്ട്രോ എന്ററോളജി വിഭാഗം മേധാവി ഡോ. കെ. സുനിൽ കുമാറിന്റെ നേതൃത്വത്തിലാണ് ചികിത്സ നൽകിയത്.

# എൺപതാം വയസിൽ കാൻസറിനെ അതിജീവിച്ച ബെൽസി

### കരുത്ത് പകർന്ന് എം.എൽ.എസ്.പി

തിരുവനന്തപുരം: 'ആരോഗ്യമാണ് സമ്പത്ത്' എന്ന് പറയുമ്പോഴും തിരക്കേറിയ ജീവിതത്തിൽ എല്ലാവരും ആരോഗ്യം മാറ്റിവെയ്ക്കാറാണ് പതിവ്. ജീവിതം കരുപ്പിടിപ്പിക്കാൻ ശ്രമിക്കുന്നതിനിടെ ശാരീരിക അസ്വാസ്ഥ്യങ്ങൾ മറന്ന് എല്ലുമുറിയെ പണിയെടുക്കുന്നു. ആരംഭത്തിലെ ചികിത്സിച്ചാൽ ഭേദമാക്കാൻ കഴിയുന്ന രോഗങ്ങൾ വരെ മൂർച്ഛിക്കാൻ കാരണമിതാണ്. ചില രോഗ ലക്ഷണങ്ങൾ പ്രകടമായാൽ പോലും ഒറ്റമൂലികൾ ഉപയോഗിച്ച് ഭേദമാക്കുന്നവരാണ് മലയാളികൾ. എങ്കിൽ നിങ്ങളിലെ മാറ്റങ്ങൾ നിങ്ങൾ തിരിച്ചറിഞ്ഞില്ലെങ്കിലും പ്രാരംഭത്തിലെ രോഗ ലക്ഷണങ്ങൾ കണ്ടെത്തി പരിശോധനയ്ക്ക് വിധേയമാക്കാനും ആവശ്യമെങ്കിൽ ചികിത്സ ഉറപ്പാക്കാനും ആരോഗ്യ പ്രവർത്തകരുണ്ട്. ആശുപത്രിയിൽ പോകാൻ മടിയുള്ളവർക്ക് ഇ–സഞ്ജീവനി മുഖേന ഡോക്ടറിന്റെ സേവനം ഉറപ്പാക്കാൻ മിഡ് ലെവൽ സർവീസ് പ്രൊവൈഡർമാരുണ്ട് (എം.എൽ.എസ്.പി).



തൊഴിലുറപ്പ് പ്രവർത്തകയായ 80 വയസ്സുള്ള ബെൽസിയുടെ നെറ്റിയിൽ ചെറിയ രീതിയിലുള്ള മുറിവുണ്ടാവുകയും പിന്നീടത് വലുതാകാനും തുടങ്ങിയിരുന്നു. മുറിവ് ഉണങ്ങാൻ ഓയിൻമെന്റ് വാങ്ങാൻ വേണ്ടി മാത്രം ബെൽസി ഹോമിയോ ചികിത്സ തേടി. കള്ളിക്കാട് കുടുംബാരോഗ്യ കേന്ദ്രത്തിന്റെ കീഴിൽ പ്രവർത്തിക്കുന്ന തേവൻകോട് ജനകീയ ആരോഗ്യ കേന്ദ്രത്തിന് മുൻപിൽ തൊഴിലുറപ്പ് പ്രവർത്തികൾ ചെയ്തിരുന്ന ബെൽസി എം.എൽ.എസ്.പി.യായ അശ്വതിയുടെ ശ്രദ്ധയിൽപ്പെടുകയും വിവരങ്ങൾ അന്വേഷിക്കുകയും ചെയ്തു. സാധാരണ മുറിവാണെന്നും ഓയിന്റമെന്റ് പുരട്ടുമ്പോൾ ഉണങ്ങുമെന്നും ചികിത്സയോട് താൽപര്യമില്ലാത്ത നിലപാടുമായിരുന്നു ബെൽസിക്ക്. ദീർഘകാല ചികിത്സയോടും കാൻസർ പോലുള്ള രോഗത്തോടുള്ള ഭയവുമാണ് ഇതിന് പിന്നിലെ കാരണമെന്ന് തിരിച്ചറിഞ്ഞ അശ്വതി നിരന്തരമായി ബെൽസിയെ കാണുകയും കൗൺസിലിംഗ് നൽകാനും തുടങ്ങി. ഒടുവിൽ അശ്വതിയുടെ നിർബന്ധത്തിന് വഴങ്ങി ഇ സഞ്ജീവനിയിലൂടെ ത്വക്ക് രോഗ വിദഗ്ധയായ ഡോ. ജിസ് എലിസബത്തിനെ വീഡിയോകോൾ മുഖേന കാണുകയായിരുന്നു. മുറിവിൽ കറുത്ത പാടപോലെയുള്ളതിനാൽ ബയോപ്സി ചെയ്യണമെന്ന് ഡോക്ടർ നിർദ്ദേശം നൽകി. കാൻസർ സ്ഥിരീകരിക്കുമെന്ന ഭയത്താൽ ആദ്യം ബയോപ്സി പിരശോധന വിസ്സമതിച്ചെങ്കിലും അശ്വതിയുടെ കൗൺസിലിംഗിലൂടെ ബെൽസി ബയോപ്സി ചെയ്യാൻ സമ്മതിക്കുകയായിരുന്നു. തിരുവനന്തപുരം ജനറൽ ആശുപത്രിയിലേയ്ക്ക് ഇ ഹെൽത്ത് മുഖേന ടോക്കൺ എടുത്ത് നൽകിയതും അശ്വതി തന്നെയാണ്. ബയോപ്സിയുടെ പരിശോധ ഫലത്തിൽ ബെൽസിയ്ക്ക് സ്കിൻ കാൻസറെന്ന് സ്ഥിരീകരിച്ചു. തുടർന്ന് ആറ് മാസത്തോളം ആർ.സി.സി.യിലെ ചികിത്സയിലൂടെ ബെൽസി കാൻസറിനെ അതിജീവിച്ചു. 'രോഗം കണ്ടുപിടിക്കാൻ സഹായിച്ചതിനും ഈ അവസ്ഥയിൽ നിന്ന് തരണം ചെയ്യാൻ ധൈര്യം നൽകിയതിനും ഒപ്പം നിന്നതിനും അശ്വതി സിസ്റ്ററിനോട് ഒരുപാട് നന്ദിയുണ്ട്' ബെൽസി പറയുന്നു. അശ്വതിയുടെ ഇടപെടലിലൂടെ രോഗമുക്തയായ ബെൽസി ഇന്നും തൊഴിലുറപ്പിന് പോകാറുണ്ട്.

'പ്രാരംഭത്തിലേ കണ്ടെത്തിയാൽ പൂർണമായും ചികിത്സിച്ച് ഭേദമാക്കാൻ സാധിക്കുന്നതാണ് സ്കിൻ കാൻസർ. ആരോഗ്യ പ്രവർത്തകയെന്ന നിലയിൽ ബെൽസി അമ്മയെ രോഗം സങ്കീർണമാകുന്നതിന് മുൻപ് തിരിച്ചറിഞ്ഞ് ചികിത്സ നൽകാൻ കഴിഞ്ഞതിലും പഴയ പോലെ തൊഴിലുറപ്പിന് പോകുന്നത് കാണുമ്പോഴും സന്തോഷമുണ്ട്'. അശ്വതി പറയുന്നു.

ക്ഷയരോഗ മുക്ത ക്യാമ്പയിൻ

# ഏയ്... ഓട്ടോ... കുറ്റ്യാടി

കോഴിക്കോട്: സാധാരണക്കാരായ 100 കണക്കിന് ആളുകൾ ദിവസവും യാത്ര ചെയ്യുന്ന, കുറ്റ്യാടിയിലും പരിസരപ്രദേശത്തുമുള്ള, 1001 ഓട്ടോറിക്ഷകൾ ലോക ക്ഷയരോഗ ദിനാചരണത്തിന്റെ ഭാഗമായി. ക്ഷയരോഗമുക്ത സ്റ്റിക്കർ ഡ്രൈവറുടെ സീറ്റിന് പിന്നിൽ യാത്രകാർക്ക് കാണാവുന്ന വിധത്തിൽ പതിച്ചു കൊണ്ട് കുറ്റ്യാടി ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ് ഒ.ടി. നഫീസ ഉദ്ഘാടനം ചെയ്തു. .

പൊതുജനങ്ങൾ, ജന പ്രതിനിധികൾ, സാമൂഹ്യ–സന്നദ്ധ പ്രവർത്തകർ, ഓട്ടോതൊഴിലാളികൾ, ആരോഗ്യ–വിദ്യാഭ്യാസ പ്രവർത്തകർ, പെൻഷണർ, ആശ തുടങ്ങിയവർ പങ്കെടുത്തു.

ഏറ്റവും നല്ല ടി ബി ക്യാമ്പയിൻ നടത്തി കേന്ദ്ര സർക്കാരിന്റെ അവാർഡ് നേടിയ ടീം നാദാപുരത്തിനെ ആദരിച്ചു.





ഡോ. സോനു ബി. നായർ
ജില്ലാ ടി.ബി ഓഫീസർ, കണ്ണൂർ

ക്ഷയരോഗ നിയന്ത്രണ പദ്ധതി ഏറ്റവും ഫലപ്രദമായി നടപ്പിലാക്കുന്ന സംസ്ഥാനമാണ് കേരളം.

# ക്ഷയരോഗം എന്ന സാമൂഹിക വിപത്ത്



**ക്ഷയരോഗം** എന്ന സാമൂഹ്യവിപത്ത് മനുഷ്യന്റെ ആരോഗ്യസാമൂഹ്യ സാമ്പത്തിക മേഖലയിൽ വൻനാശം വരുത്തുവാൻ തുടങ്ങിയിട്ട് ഏതാണ്ട് 9,000 ത്തോളം വർഷങ്ങളായെന്ന് കരുതപ്പെടുന്നു. ലോകത്തിലെ 27% ക്ഷയരോഗികളും ഇന്ത്യയിലാണ്. സർക്കാർ ആരോഗ്യവകുപ്പിന്റെ കീഴിലും സ്വകാര്യമേഖലയിലും NTEP പ്രകാരം ക്ഷയരോഗനിയന്ത്രണ പ്രവർത്തനത്തിൽ ആരോഗ്യ പ്രവർത്തകർ ഏർപ്പെടുന്നുണ്ട്. ക്ഷയരോഗ നിയന്ത്രണ പദ്ധതി ഏറ്റവും ഫലപ്രദമായി നടപ്പിലാക്കുന്ന സംസ്ഥാനമാണ് കേരളം. ഇവിടെ ക്ഷയരോഗികളുടെ എണ്ണവും മരണ നിരക്കും കുറഞ്ഞുവരികയാണ്. എങ്കിലും വർദ്ധിച്ചു വരുന്ന പ്രമേഹരോഗികളുടെ എണ്ണവും പുകയില ഉപയോഗവും അതിഥി തൊഴിലാളികളുടെ ബാഹുല്യവും പ്രധാന വെല്ലുവിളിയായി മാറുകയാണ്.

### ക്ഷയരോഗം ആർക്കെല്ലാം വരാം

മൈകോബാക്ടീരിയം ട്യൂബർകുലോസിസ് എന്ന ബാക്ടീരിയ കാരണം വായുവിലൂടെ പകരുന്നു. ക്ഷയരോഗം ആർക്ക്‌വേണമെങ്കിലും, ശരീരത്തിന്റെ ഏത് ഭാഗത്ത് വേണമെങ്കിലും പിടിപെടാം. ഒരു ശ്വാസകോശ ക്ഷയരോഗി ചുമക്കുമ്പോഴും, തുമ്മുമ്പോഴും ആയിരക്കണക്കിന് കഫ കണികളും അതിനകത്ത് ഒളിഞ്ഞ് കിടന്ന് ലക്ഷക്കണക്കിന് ക്ഷയരോഗാണുക്കളും വായുവിലൂടെ പരക്കുന്നു. ഇത് ശ്വസിക്കുന്ന ആൾക്ക് ക്ഷയരോഗാണുബാധ (രോഗമല്ല) ഉണ്ടാകുന്നു. ഇന്ത്യയിൽ ഏതാണ്ട് 40 – 50% ആളുകളിലും ഇത്തരത്തിൽ അണുബാധ ഉണ്ടായിട്ടുണ്ടെന്നാണ് കണക്ക്. അതിൽ, എച്ച്. ഐ. വി. അണുബാധ, പ്രമേഹം, പുകവലി, പോഷകാഹാരകുറവ്, ക്ഷയരോഗികളുമായി സ്ഥിരം അടുത്തിടപഴകുന്നവർ, തുടങ്ങിയവർക്ക് ക്ഷയരോഗം വരാനുള്ള സാധ്യത കൂടുതലാണ്.

### എച്ച്. ഐ. വി – ക്ഷയരോഗം

എച്ച്. ഐ. വി ബാധിതനായ ഒരാൾക്ക് ഓരോ വർഷവും ടി. ബി. വരാനുള്ള സാധ്യത 10% ആണ്. എച്ച്. ഐ. വി. ബാധിതരുടെ മൂന്നിൽ ഒരു മരണത്തിനും കാരണം ക്ഷയരോഗമാണ്.

### പ്രമേഹവും ക്ഷയരോഗവും

കേരളത്തിൽ കണ്ടെത്തുന്ന ക്ഷയരോഗികളിൽ 25% പേരും പ്രമേഹബാധിതരാണെന്നാണ് തെളിഞ്ഞിട്ടുള്ളത്. ശരീരത്തിന്റെ പ്രതിരോധപ്രവർത്തനങ്ങൾ കുറയുന്നത് കാരണം ക്ഷയരോഗാണുക്കൾ എളുപ്പത്തിൽ വളരാം. ആയതിനാൽ ക്ഷയരോഗലക്ഷണങ്ങൾക്ക് കാത്ത് നിൽക്കാതെ പ്രമേഹരോഗികൾ ഇടക്കിടെ ക്ഷയരോഗ പരിശോധനകൾ നടത്തുന്നത്, ക്ഷയരോഗം തുടക്കത്തിൽ തന്നെ കണ്ടെത്തുന്നതിന് സഹായിക്കും.

### എം. ഡി. ആർ. ടി. ബി. (മൾട്ടി ഡ്രഗ് റസിസ്റ്റന്റ് ടി.ബി)

ഏറ്റവും ഫലപ്രദമായ ആന്റിബയോട്ടിക്കുകൾ കൃത്യഡോസിൽ അല്ലാതെയും കൃത്യമായ കാലയളവിൽ അല്ലാതെയും കഴിക്കുന്നതുകൊണ്ടും ചികിത്സ ഇടയ്ക്ക് മുടക്കുന്നതു കൊണ്ടും, സാധാരണ നൽകി വരുന്ന മരുന്നുകൾക്കതിരെ രോഗാണുക്കൾ പ്രതിരോധശേഷി നേടാനിടയാകുകയും അങ്ങനെ ഗുരുതരമായ എം.ഡി. ആർ. ടി.ബി. ആയി മാറുകയും ചെയ്യുന്നു. ഇതിനുള്ള സൗജന്യ പരിശോധനയും സൗജന്യ ചികിത്സയും. എൻ. ടി. ഇ. പി യിൽ ഉണ്ട്.

### കഫ പരിശോധനയും ചികിത്സയും

ക്ഷയരോഗ നിർണ്ണയത്തിനുള്ള പരിശോധനയും ഡോട്ട് ചികിത്സയും സർക്കാർ ആശുപത്രികളിലും ചില സ്വകാര്യ ആശുപത്രികളിലും സൗജന്യമാണ്. കഫ പരിശോധന ഡോക്ടറുടെ കുറിപ്പില്ലാതെ തന്നെ ലാബുകളിൽ സ്വയം ആവശ്യപ്പെടാവുന്നതാണ്. രോഗ ലക്ഷണങ്ങൾ ഉള്ളവരിൽ പരിശോധന നടത്തപ്പെടാതെ വരുമ്പോൾ ക്ഷയം കണ്ടുപിടിക്കപ്പെടുന്നില്ല എന്നതിന് പുറമെ ഇവർക്ക് രോഗം പകർത്തിയവരും ഇവർ മറ്റുള്ളവർക്ക് പകർത്തിയതും കണ്ടുപിടിക്കപ്പെടുന്നില്ല.

സൗജന്യ ഡോട്സ് ചികിത്സ വഴി കുറഞ്ഞത് 6 മാസം കൊണ്ട് ക്ഷയരോഗം പൂർണ്ണമായും ഭേദമാക്കാം. ജീൻ എക്സ്പേർട്ട് എന്ന അത്യാധുനിക ജനിതക അണു പരിശോധനാ സംവിധാനം ജില്ലാ ടി. ബി. സെന്ററിലും, പരിയാരം മെഡിക്കൽ കോളേജിലും ഏർപ്പെടുത്തിയിട്ടുണ്ട്. ട്രൂ നാറ്റ് എന്ന അത്യാധുനിക ജനിതക അണു പരിശോധനാ സംവിധാനം ജില്ലാ ടി. ബി. സെന്റർ, തലശ്ശേരി ജനറൽ ആശുപത്രി, കൂത്തുപറമ്പ് താലൂക്ക് ആശുപത്രി, തളിപ്പറമ്പ താലൂക്ക് ആശുപത്രിയിലും, പേരാവൂർ താലൂക്ക് ആശുപത്രിയിലും ഗവ. മെഡിക്കൽ കോളേജ് പരിയാരം എന്നിവിടങ്ങളിലും ഏർപ്പെടുത്തിയിട്ടുണ്ട്. കൂടാതെ 67 കഫ പരിശോധനാ കേന്ദ്രങ്ങളും ജില്ലയിലുടനീളം ഉണ്ട്.



### നിക്ഷയ് മിത്ര (പ്രധാനമന്ത്രി ടി. ബി. മുക്ത് ഭാരത് അഭിയാൻ)

സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന ക്ഷയരോഗ ബാധിതർക്ക് ചികിത്സാ കാലയളവിൽ സാമ്പത്തിക, സാമൂഹിക പിന്തുണ നൽകുന്നതിനായി സഹകരണ സംഘങ്ങൾ, കോർപ്പറേറ്റുകൾ, തെരഞ്ഞെടുക്കപ്പെട്ട ജനപ്രതിനിധികൾ, വ്യക്തികൾ, സ്ഥാപനങ്ങൾ, സർക്കാർ ജീവനക്കാർ, സർക്കാരിതര സംഘടനകൾ തുടങ്ങിവരിൽ നിന്ന് പോഷകാഹാര കിറ്റ്, ചികിത്സാ കാലയളവിൽ വരുന്ന മറ്റ് ടെസ്റ്റുകൾക്കുള്ള സഹായം, തൊഴിൽ പിന്തുണ മുതലായവ ലഭ്യമാക്കാൻ ഈ പദ്ധതിയിൽ നിക്ഷയ്മിത്രയായി രജിസ്റ്റർ ചെയ്യാവുന്നതാണ്.

### സ്റ്റെപ്പ് സെന്ററുകൾ (System of TB Elimination in Private Sector)

ക്ഷയരോഗനിർമ്മാർജ്ജനത്തിനായി സ്റ്റെപ്പ് സെന്ററുകൾ വഴി സ്വകാര്യ മേഖലയുമായി കൈകോർത്ത് പ്രവർത്തിക്കുകയാണ് ആരോഗ്യ വകുപ്പ്. ഇതിലൂടെ സർക്കാർ എൻ.ടി.ഇ.പി വഴി നൽകുന്ന എല്ലാ സാമൂഹ്യ സുരക്ഷാ ആനുകൂല്യങ്ങളും സ്വകാര്യമേഖലയിൽ ചികിത്സ തേടുന്ന രോഗികൾക്കും ലഭ്യമാകും. ജില്ലയിൽ 24 സ്റ്റെപ്പ് സെന്ററുകൾ ഉണ്ട്. ഇവിടങ്ങളിൽ ജില്ലാ ആരോഗ്യ വകുപ്പുമായി സഹകരിച്ച് സൗജന്യക്ഷയരോഗ ചികിത്സലഭ്യമാണ്.

### ക്ഷയരോഗ പ്രതിരോധ പരിപാടികൾ

ശരീരത്തിൽ പ്രകടമല്ലാത്ത ക്ഷയരോഗാണു ബാധിതരെ കണ്ടെത്തി ക്ഷയരോഗ പ്രതിരോധ മരുന്നുകൾ നൽകുന്ന പരിപാടികൾക്ക് തുടക്കമായിട്ടുണ്ട്. ശ്വാസകോശ ക്ഷയരോഗികളുടെ അടുത്തിടപെടുന്ന 5 വയസ്സിനും 15 വയസ്സിനും ഇടയിലുള്ള കുട്ടികളെയും, 15 വയസ്സിന് മുകളിലുള്ള മുതിർന്നവരെയും ഐ. ജി. ആർ. എ. (IGRA) ടെസ്റ്റിന് വിധേയമാക്കി ക്ഷയരോഗ അണുബാധ കണ്ടെത്തുകയും മരുന്നുകൾ നൽകുകയും ചെയ്യുന്നു. ഐ. ജി. ആർ. എ. ടെസ്റ്റുകൾ ജില്ലാ ടി. ബി. സെന്ററിലും, കണ്ണൂർ റീജിയണൽ പബ്ലിക്ക് ലാബിലും, ഗവ. മെഡിക്കൽ കോളേജ് പരിയാരത്തും നടത്തുവാൻ തുടങ്ങിയിട്ടുണ്ട്.

### ക്ഷയരോഗമുക്ത പഞ്ചായത്ത്:–

2025-ഓടെ ക്ഷയരോഗമുക്ത കേരളം യാഥാർത്ഥ്യമാക്കുക എന്നതാണ് സർക്കാരിന്റെ ലക്ഷ്യം. ഈ കാഴ്ചപ്പാടോടെയാണ് ആരോഗ്യ തദ്ദേശഭരണ വകുപ്പുകളുടെ സംയുക്ത നേതൃത്വത്തിൽ ക്ഷയരോഗമുക്ത പഞ്ചായത്ത് എന്ന പദ്ധതി നടപ്പിലാക്കുന്നത്. തദ്ദേശ സ്വയംഭരണ വകുപ്പിന്റെയും ആരോഗ്യ വകുപ്പിന്റെയും സംയുക്ത നേതൃത്വത്തിൽ എല്ലാ ഗ്രാമപഞ്ചായത്തും, മുൻസിപ്പാലിറ്റിയും, കോർപ്പറേഷൻ പ്രദേശങ്ങളും പൂർണമായും ക്ഷയരോഗമുക്തമായി പ്രഖ്യാപിക്കാനുള്ളതാണ് ഈ കർമപദ്ധതി. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ ജനപ്രതിനിധികളുടെ സഹകരണത്തോടെ പൊതുജനങ്ങൾക്കിടയിലും, പാർശ്വവൽക്കരിക്കപ്പെട്ട ജനവിഭാഗങ്ങൾക്കിടയിലു, ക്ഷയരോഗബോധം ഇനിയും എത്തിച്ചേരാത്ത പ്രദേശങ്ങളിലേക്ക് എത്തിക്കുക, ക്ഷയരോഗ നിർണ്ണയ ക്യാമ്പുകൾ സംഘടിപ്പിക്കുക, ക്ഷയരോഗികൾക്ക് ആവശ്യമായ പോഷകാഹാരവും ചികിത്സ സഹായവും ഉറപ്പുവരുത്തുക, പഞ്ചായത്ത് തല സമിതികൾ ഉണ്ടാക്കുക, ഓരോ പഞ്ചായത്തും ക്ഷയരോഗമുക്ത പഞ്ചായത്തിനായുള്ള അവകാശവാദങ്ങൾ സമർപ്പിക്കുക, ക്ഷയരോഗമുക്ത പഞ്ചായത്ത് പ്രഖ്യാപനം എന്നിവയാണ് ഈ പദ്ധതി കൊണ്ട് ഉദ്ദേശിക്കുന്നത്.

# ക്ഷയരോഗനിവാരണ പ്രവർത്തനങ്ങളുമായി കൊല്ലം മുന്നോട്ട്



കൊല്ലം: ജില്ലാ ടി.ബി സെന്റർ, ജില്ലാ മെഡിക്കൽ ഓഫീസ് എന്നിവയുടെ സംയുക്ത ആഭിമുഖ്യത്തിൽ ലോക ക്ഷയരോഗ ദിനാചരണം സംഘടിപ്പിച്ചു. ജില്ലാ കളക്ടർ എൻ ദേവീദാസ് ഐ.എ.എസ് ഉദ്ഘാടനം ചെയ്തു. കൊല്ലം ബീച്ചിൽ സംഘടിപ്പിച്ച ചടങ്ങിൽ ഐ. ആർ.ഇ. യുടെ സി.എസ്.ആർ ഫണ്ട് ഉപയോഗിച്ച് വാങ്ങിയ വാഹനത്തിന്റെയും മറ്റ് ഉപകരണങ്ങളുടെയും കൈമാറ്റം ഐ.ആർ.ഇ ജനറൽ മാനേജർ എൻ.എസ് അജിത് നിർവഹിച്ചു.

2025 ൽ ഏറ്റവും കൂടുതൽ ടി.ബി രോഗികളെ കണ്ടെത്തിയ സ്വകാര്യ ആശുപത്രികളെയും ലാബുകളെയും ആദരിക്കുകയും ജില്ലയിലെ ടി. ബി മുക്ത് പഞ്ചായത്തുകളായി തിരഞ്ഞെടുത്ത 21 പഞ്ചായത്തുകൾക്കുള്ള അവാർഡ് വിതരണം, ജില്ലയിലെ വിവിധ വിഭാഗത്തിലുള്ള ആരോഗ്യ പ്രവർത്തകർ അവതരിപ്പിച്ച കലാപരിപാടികൾ എന്നിവയും ദിനാചരണത്തിന്റെ ഭാഗമായി സംഘടിപ്പിച്ചു. ജില്ലാ മെഡിക്കൽ ഓഫീസർ ഡോ അനിത എ അധ്യക്ഷത വഹിച്ച ചടങ്ങിൽ ജില്ലാ ടി.ബി. ഓഫീസർ ഡോ സാജൻ മാത്യൂസ് സ്വാഗതം ആശംസിച്ചു, ജില്ലാ ആർ.സി.എച് ഓഫീസർ ഡോ അനു ടി.ബി പ്രതിജ്ഞ ചൊല്ലിക്കൊടുത്തു, പ്രശസ്ത സിനിമ – സീരിയൽ താരം കൊല്ലം തുളസി, പ്രശസ്ത കാഥികൻ പ്രൊഫ: വസന്തകുമാർ സാംബശിവൻ, പ്രശസ്ത സിനിമ– താരം റീന ഇന്ദ്രാണി, ജില്ലാ ആശുപത്രി സൂപ്ര് ഡോ. സുമി, ഡോ ജീവൻ, ഡോ ദിവ്യ ശശി, ജില്ലാ ആശുപത്രി ഡെപ്യൂട്ടി സൂപ്രണ്ട് ഡോ ശ്രീകാന്ത്, കെ.ജി.എം.ഒ.എ സെക്രട്ടറി ഡോ. അജി അയിരൂർ എന്നിവർ ആശംസ അറിയിച്ചു.

കേരളത്തിലെ അപൂർവ രോഗ ചികിത്സാ പദ്ധതിയായ കെയറിനെ

# അഭിനന്ദിച്ച് ആഗോള ന്യൂറോമസ്ക്യുലാർ വിദഗ്ധൻ



തിരുവനന്തപുരം: കേരളത്തിലെ സൗജന്യ അപൂർവ രോഗ ചികിത്സാ പദ്ധതിയായ കെയറിനെ അഭിനന്ദിച്ച് ആഗോള ന്യൂറോമസ്ക്യുലാർ വിദഗ്ധനും യൂണിവേഴ്സിറ്റി കോളേജ് ലൻ ഗ്രേറ്റ് ഓർമോൻഡ് സ്ട്രീറ്റ് ഹോസ്പിറ്റൽ ഫോർ ചിൽഡ്രനിലെ അസോ. പ്രൊഫസറുമായ ഡോ. ജിയോവാന്നി ബാരനെലോ. അപൂർവ രോഗ ചികിത്സാ രംഗത്ത് ഇത്തരത്തിലുള്ള പദ്ധതി ആദ്യമായി ആവിഷ്ക്കരിച്ച് നടപ്പിലാക്കിയ കേരളത്തെ അഭിനന്ദിക്കുന്നു. വലിയ ചെലവാണ് അപൂർവ രോഗ ചികിത്സയ്ക്കായി വേണ്ടി വരുന്നത്. ഇത് ഉൾക്കൊണ്ട് രോഗ നിർണയവും ഗുണനിലവാരമുള്ള ചികിത്സയും സൗജന്യമായി ഉറപ്പാക്കുന്നു. ഇത് അവരുടെ ജീവിത നിലവാരം ഉയർത്തുന്നതിന് സഹായിക്കുമെന്നും ഡോ. ജിയോവാന്നി ബാരനെലോ പറഞ്ഞു. തിരുവനന്തപുരത്ത് സംഘടിപ്പിച്ച അഡ്വാൻസസ് ഇൻ പീഡിയാട്രിക് ന്യൂറോ മസ്ക്യുലാർ ഡിസീസസ് 2025 അന്താരാഷ്ട്ര സിമ്പോസിയത്തിൽ പങ്കെടുക്കുമ്പോഴാണ് കേരളത്തെ അഭിനന്ദിച്ചത്.

# സുമയുടെ മാനസികാരോഗ്യം വീണ്ടെടുക്കാൻ

ആർത്താറ്റ് കുടുംബാരോഗ്യകേന്ദ്രവും ചിറ്റഞ്ഞൂർ ജനകീയാരോഗ്യകേന്ദ്രവും



തൃശ്ശൂർ: ആർത്താറ്റ് കുടുംബാരോഗ്യ കേന്ദ്രത്തിന്റെ പരിധിയിൽ താമസിച്ച് വരികയാണ് മുരുകനും സുമയും (സാങ്കൽപികം) ഈ ദമ്പതിമാർക്ക് 4 കുഞ്ഞുങ്ങളാണ്. മുരുകൻ കൂലിപ്പണി ജോലികൾ ചെയ്തു വരുന്നു. സുമക്ക് ചെറുപ്പത്തിലെ മാനസികാസ്ഥ്യം ഉണ്ടായിരുന്നു. സുമയുടെ ഇടക്കിടെയുള്ള മാനസികാരോഗ്യം കുടുംബത്തെ തളർത്തിയിരുന്നു. പലതവണയായി ആരോഗ്യകേന്ദ്രത്തിൽ ഇടപെടുകയും ചികിത്സക്ക് വഴിയൊരുക്കുകയും ചെയ്തിരുന്നു. ഇതിനിടക്ക് 4–ാമത്തെ കുഞ്ഞിനെ ഗർഭിണിയായിരിക്കെ ആശയും എം.എൽ.എസ്.പി. സൗമ്യയും കൂടെ സ്ഥിര ഗർഭനിരോധന മാർഗങ്ങളെ കുറിച്ച് സംസാരിക്കാനായി കുടുംബത്തെ സന്ദർശിച്ചു. എന്നാൽ മുരുകൻ അതിനു തയ്യാറായില്ല. സുമയുടെ അവസ്ഥയും മോശമായിരുന്നു. കുഞ്ഞുങ്ങൾ മൂന്നു പേരും ഭക്ഷണം, വസ്ത്രം എന്നിവക്ക് പോലും ബുദ്ധിമുട്ട് അനുഭവിക്കുന്നതായി മനസ്സിലാക്കാനും കഴിഞ്ഞു. തുടർന്ന് അവർ കുടുംബാരോഗ്യകേന്ദ്രത്തിൽ തിരിച്ചെത്തി സ്റ്റാഫ് നഴ്സുമായി സംസാരിച്ചു. സുമയുടെ പ്രസവത്തിനു ശേഷം മാനസികാരോഗ്യനില വീണ്ടും മോശമായി ചികിത്സക്കായി പോർക്കളേങ്ങാട് കാണിച്ച് മരുന്ന് നൽകിയെങ്കിലും വീണ്ടും മോശമായി. കൃത്യമായി മരുന്നുകൾ കഴിക്കാറില്ല എന്നുള്ളതായിരുന്നു ഒരു കാരണം.

മാർച്ച് 21 ന് 4–ാമത്തെ കുഞ്ഞിന്റെ കുത്തിവെപ്പിനായി സുമ അമ്മയോടൊത്ത് കാവിലക്കാട് ശ്രീ ദുർഗ്ഗ അങ്കണവാടിയിൽ എത്തിച്ചേർന്നു. കുത്തിവെപ്പിനായി ഡോ. ജിഷ ഗംഗാധരന്റെ നേതൃത്വത്തിലുള്ള ടീം അങ്കണവാടിയിൽ എത്തിയപ്പോൾ കണ്ടത് സുമ മാനസികനില തെറ്റി പിച്ചും പേയും പറയുന്നതും കരയുന്നതും തലയിട്ടടിക്കുന്നതുമാണ്. ഒന്നര വയസ്സുള്ള പെൺകുഞ്ഞ് ഒന്നുമറിയാതെ അമ്മയുടെ മടിയിലുണ്ട്. ഉടനെ തന്നെ കിടത്തി ചികിത്സ ലഭിക്കാനായി തൃശ്ശൂർ മാനസികാരോഗ്യകേന്ദ്രത്തിൽ ബന്ധപ്പെട്ടു. ഇതിനായി സഹായിച്ചത് ആരോഗ്യവകുപ്പിൽ നിന്ന് വിരമിച്ച ജീവനക്കാരിയായ കൊച്ചുറാണിയാണ്. എന്നാൽ മജിസ്ട്രേറ്റിന്റെ ഉത്തരവ് വഴി മാത്രമേ അഡ്മിഷൻ സാധ്യതയുള്ളൂ എന്നറിഞ്ഞപ്പോൾ കൗൺസിലർ ഗീത ശശി ഇടപെട്ടു. നടപടിക്രമങ്ങൾ പൂർത്തീകരിച്ച് സുമയെ ആശ സുനിത, കുന്നംകുളം പോലീസ് സ്റ്റേഷനിലെ വനിതാ പോലീസ് ഓഫീസർ എന്നിവരുടെ അകമ്പടിയോടെ മാനസികാരോഗ്യകേന്ദ്രത്തിൽ എത്തിച്ചു. അങ്ങിനെ സുമയുടെ കിടത്തി ചികിത്സ ആരംഭിച്ചു. ഒപ്പം തന്നെ മൂത്ത കുഞ്ഞുങ്ങളെ 2 പേരെയും സുരക്ഷിതത്വം ഉറപ്പാക്കാനായി കോൺവെന്റിനോടനുബന്ധിച്ചുള്ള ഓർഫനേജിൽ ആക്കുകയും ചെയ്തു. സുമ ചികിത്സ പൂർത്തീകരിച്ച് ആരോഗ്യവതിയായി തിരിച്ചെത്തുമെന്ന ശുഭാപ്തി വിശ്വാസത്തിൽ കുടുംബവും കുടുംബാരോഗ്യകേന്ദ്രത്തിലെ ജീവനക്കാരും മുന്നേറുന്നു.

ഒരു കുടുംബത്തിന് കൈതാങ്ങാവുകയാണ് കുടംബാരോഗ്യ കേന്ദ്രവും ജീവനക്കാരും, എറ്റവും അടിത്തട്ടിൽ പ്രവർത്തിക്കുന്ന ജനകീയാരോഗ്യകേന്ദ്രം ടീമും.

ക്ഷയരോഗത്തെ തുടച്ചു നീക്കാൻ

# ഒരുമിച്ചുള്ള പ്രവർത്തനം അനിവാര്യം: മന്ത്രി വീണാ ജോർജ്



തിരുവനന്തപുരം: ക്ഷയരോഗത്തെ തുടച്ചു നീക്കാൻ ഒരുമിച്ചുള്ള പ്രവർത്തനം അനിവാര്യമാണെന്ന് ആരോഗ്യ വകുപ്പ് മന്ത്രി വീണാ ജോർജ്. ക്ഷയരോഗ നിവാരണത്തിനായി വിവിധങ്ങളായ പദ്ധതികളാണ് സംസ്ഥാനത്ത് നടപ്പിലാക്കി വരുന്നത്. ഡിസംബർ 7 മുതൽ മാർച്ച് 17 വരെ സംഘടിപ്പിച്ച 100 ദിവസത്തെ ക്യാമ്പയിനിലൂടെ വലിയ പ്രവർത്തനങ്ങൾ നടത്താനായി. ഇതിലൂടെ പ്രിസന്റീവ് ടി.ബി എക്സാമിനേഷൻ നിരക്ക് വർഷത്തിൽ ഒരു ലക്ഷം ജനസംഖ്യയിൽ 1500ൽ നിന്ന് 2201 ആയി ഉയർത്താനായി. ഈ ക്യാമ്പയിനിലൂടെ സംസ്ഥാനത്ത് ക്ഷയരോഗ സാധ്യത കൂടിയ 81.6 ലക്ഷം വ്യക്തികളെ മാപ്പ് ചെയ്തു. മാർച്ച് ആദ്യ ആഴ്ചയോടെ അവരിൽ 75 ശതമാനത്തിലധികം പേരെ സ്ക്രീനിംഗിന് വിധേയരാക്കി. രോഗലക്ഷണങ്ങൾ പ്രകടിപ്പിച്ച 1,98,101 പേർക്ക് വിശദ പരിശോധന നടത്തി. 5,588 ക്ഷയരോഗ ബാധിതരെ കണ്ടെത്തി തുടർ ചികിത്സ ഉറപ്പാക്കാനായതായും മന്ത്രി വ്യക്തമാക്കി.

സെൻട്രൽ ടി.ബി. ഡിവിഷൻ ഗ്രാമ പഞ്ചായത്തുകൾക്ക് മാനദണ്ഡങ്ങൾക്ക് വിധേയമായി ക്ഷയരോഗ മുക്തപദവി നൽകിവരുന്നു. കേരളത്തിൽ 83% ഗ്രാമ പഞ്ചായത്തുകളിലും ടി.ബി എലിമിനേഷന് ടാസ്ക് ഫോഴ്സ് രൂപീകരിച്ചിട്ടുണ്ട്. ഇവയുടെ കൃത്യമായ പ്രവർത്തങ്ങളുടെ ഫലമായി 2023 ൽ കേന്ദ്ര സർക്കാർ കേരളത്തിലെ 59 പഞ്ചായത്തുകളെയും ഒരു മുനിസിപ്പാലിറ്റിയെയും (ആകെ 60) വെങ്കല മെഡൽ കാറ്റഗറിയിൽ ക്ഷയരോഗ മുക്തമായി പ്രഖ്യാപിച്ചു. 2024ൽ അവയിൽ 47 പഞ്ചായത്തുകൾ മുൻവർഷത്തിൽ ലഭിച്ച പദവി നിലനിർത്തിയതിനാൽ വെള്ളിമെഡൽ വിഭാഗത്തിൽ ക്ഷയരോഗമുക്ത പദവിക്ക് അർഹത നേടി. 2024 ൽ പുതിയതായി 84 ഗ്രാമ പഞ്ചായത്തുകളും 7 മുനിസിപ്പാലിറ്റികളും ക്ഷയരോഗ മുക്ത പദവിക്ക് അർഹത നേടിയിട്ടുണ്ട്. ഒന്നാം വർഷമായതിനാൽ വെങ്കല വിഭാഗത്തിലാണ് അവർക്കു അവാർഡ് ലഭിക്കുക. 2024ൽ രണ്ടു വിഭാഗത്തിലുമായി അങ്ങനെ ആകെ 138 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ക്ഷയരോഗമുക്ത പഞ്ചായത്ത് അവാർഡിന് അർഹത നേടിയിട്ടുണ്ട്. വയനാട്, ഇടുക്കി ജില്ലകളിലെ പകുതിയിലധികം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും ക്ഷയരോഗമുക്ത പദവിക്ക് അർഹത നേടി. സർക്കാർ മേഖലയോടൊപ്പം സ്വകാര്യമേഖലയിലെയും ക്ഷയരോഗ നിവാരണ പ്രവർത്തനങ്ങൾ ഏകോപിപ്പിച്ചതിന് 2022ലും 2023ലും സംസ്ഥാനത്തിന് ദേശീയ പുരസ്കാരങ്ങൾ ലഭിച്ചിട്ടുണ്ട്.

# അരിവാൾ രോഗികൾക്കുള്ള ആരോഗ്യകാർഡ് വിതരണം ചെയ്യുന്ന ആദ്യ ജില്ല വയനാട്: മന്ത്രി വീണാ ജോർജ്



കൽപ്പറ്റ: സംസ്ഥാനത്ത് അരിവാൾ രോഗബാധിതരായവർക്കുള്ള സ്റ്റാറ്റസ് ആരോഗ്യകാർഡ് വിതരണം ചെയ്യുന്ന ആദ്യ ജില്ല വയനാടാണെന്ന് ആരോഗ്യവും വനിതാ–ശിശു വികസനവും വകുപ്പ് മന്ത്രി വീണാ ജോർജ്. കാർഡ് ലഭ്യമാക്കുന്നതോടെ രോഗികൾക്ക് സൗജന്യ ചികിത്സ, പെൻഷൻ, മറ്റ് ആനുകൂല്യങ്ങൾ തുടങ്ങിയവ വേഗത്തിൽ ലഭ്യമാക്കുകയാണ് ലക്ഷ്യമെന്നും മന്ത്രി പറഞ്ഞു. മാനന്തവാടി ഗവ മെഡിക്കൽ കോളേജ് ആശുപത്രിയിലെ പുതിയ മൾട്ടി പർപ്പസ് കെട്ടിടത്തിൽ ആരംഭിച്ച സിക്കിൾ സെൽ യൂണിറ്റ് ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു മന്ത്രി. സിക്കിൾ സെൽ അസോസിയേഷൻ സെക്രട്ടറി കെ.ബി സരസ്വതിക്ക് ആരോഗ്യ കാർഡ് കൈമാറി മന്ത്രി ഉദ്ഘാടനം ചെയ്തു. ജില്ലയിലെ അരിവാൾ രോഗബാധിതർക്ക് അതത് മെഡിക്കൽ ഓഫീസിൽ നിന്നും കാർഡുകൾ ലഭ്യമാക്കും. ശാരീരിക ബുദ്ധിമുട്ടുകളും അസ്വസ്ഥതയും ഉള്ളവർക്ക് പ്രത്യേക യൂണിറ്റ് രോഗികൾക്ക് ആശ്വാസമാകുമെന്നും യൂണിറ്റിൽ എസി സൗകര്യം ക്രമീകരിക്കുമെന്നും മന്ത്രി പറഞ്ഞു. 10 കിടക്കകളുള്ള യൂണിറ്റിൽ എച്ച്.പി. എൽ.സി ആൻഡ് എച്ച്.പി ഇലക്ട്രോഫോറസിസ് ടെസ്റ്റ് ലാബ് സൗകര്യം, ഫിസിയോതെറാപ്പി – പരിശോധനാ– അഡ്മിനിസ്ട്രേഷൻ മുറികൾ യൂണിറ്റിലുണ്ടാവും. വയനാട് മെഡിക്കൽ കോളേജിൽ തൊറാസിസ്, ന്യൂറോളജി വിഭാഗം ആരംഭിക്കുമെന്നും മന്ത്രി പറഞ്ഞു. മാനന്തവാടി മെഡിക്കൽ കോളെജിൽ ആദ്യ ശസ്ത്രക്രിയ വിജയകരമായി പൂർത്തിയാക്കിയ അസ്ഥിരോഗ വിഭാഗം മേധാവി അനിൻ എൻ. കുട്ടിയേയും മെഡിക്കൽ സംഘത്തെയും മന്ത്രി അനുമോദിച്ചു. ഗവ മെഡിക്കൽ കോളേജിൽ നടന്ന പരിപാടിയിൽ പട്ടികജാതി–പട്ടികവർഗ്ഗ–പിന്നാക്കക്ഷേമ വകുപ്പ് മന്ത്രി ഒ.ആർ കേളു അധ്യക്ഷനായി. സബ് കളക്ടർ മിസാൽ സാഗർ ഭരത്, ജില്ലാ മെഡിക്കൽ ഓഫീസർ ഡോ. ടി മോഹൻദാസ്, എൻ.എച്ച്.എം ജില്ലാ പ്രോഗ്രാം മാനേജർ സമീഹ സൈതലവി, മെഡിക്കൽ കോളേജ് സൂപ്രണ്ട് ഡോ. വി.പി രാജേഷ്, മെഡിക്കൽ കോളേജ് പ്രിൻസിപ്പാൾ ഡോ. കെ.എസ് മീന, മാനന്തവാടി നഗരസഭാ ചെയർപേഴ്സൺ സി.കെ രത്നവല്ലി, ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് ജസ്റ്റിൻ ബേബി, നഗരസഭാ കൗൺസിലർ എം.പി അനിൽ, ജനപ്രതിനിധികൾ, രാഷ്ട്രീയ പാർട്ടി പ്രതിനിധികൾ, ഉദ്യോഗസ്ഥർ എന്നിവർ പങ്കെടുത്തു.

ആരോഗ്യം ആനന്ദം ജനകീയ ക്യാമ്പയിൻ

# മനുഷ്യ ചങ്ങല തീർത്തു

ആരോഗ്യം ആനന്ദം
അകറ്റാം അർബുദം

കോട്ടയം: മുളക്കുളം ഗ്രാമ പഞ്ചായത്തിൽ ആരോഗ്യം ആനന്ദം – അകറ്റാം അർബുദം എന്ന ക്യാമ്പയിൻറെ ഭാഗമായി പെരുവ കുടുമ്പരോഗ്യ കേന്ദ്രത്തിന്റെ നേതൃത്വത്തിൽ മനുഷ്യ ചങ്ങല തീർത്തു. ജനപ്രതിനിധികൾ ആരോഗ്യപ്രവർത്തകർ, ആശപ്രവർത്തകർ, കുടുംബശ്രീ പ്രവർത്തകർ തൊഴിലുറപ്പ് തൊഴിലാളികൾ പൊതുജനങ്ങൾ എന്നിവർ അണിചേർന്നു. ഗ്രാമപഞ്ചായത്തു പ്രസിഡന്റ് വാസുദേവൻ നായർ ഉദ്ഘാടനം നിർവഹിച്ചു.

തുടർന്ന് നടന്ന സെമിനാറിൽ മെഡിക്കൽ ഓഫീസർ ഡോ മാമൻ പി ചെറിയാൻ രോഗം മുൻകൂട്ടി കണ്ടെത്തുന്നതിനെ കുറിച്ചും ആരോഗ്യ അനുബന്ധ സേവനങ്ങളെക്കു റിച്ചും ക്ലാസ്സ് നയിച്ചു. യോഗത്തിൽ മുളക്കുളം ഗ്രാമപഞ്ചായത്ത് വാർഡ് മെമ്പർ കുമാരി ശില്പ ദാസ് അദ്ധ്യക്ഷയായി. ക്ഷേമകാര്യ സ്റ്റാൻഡിങ് കമ്മിറ്റി ചെയർപേഴ്സൺ മേരികുട്ടി ലൂക്ക് ആരോഗ്യ സന്ദേശം നൽകി. ഹെൽത്ത് ഇൻസ്പെക്ടർ കെ ആർ ഷാജി, പബ്ലിക് ഹെൽത്ത് നേഴ്സ് രതിമോൾ എന്നിവർ പ്രസംഗിച്ചു.